ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968
2025 ജൂലൈ 17 | ദീപം 58 | നാളം 19 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



അഡ്വ. വി. സി. സെബാസ്റ്റ്യൻ



# ഇന്ത്യൻ കർഷകർ അമേരിക്കൻ അടിമത്തത്തിലേക്കോ?

ഇന്ത്യ ഇതിനോടകം ഏർപ്പെട്ട 16 സ്വതന്ത്ര വ്യാപാരക്കരാറുകളിൽ കാർഷികമേഖലയ്ക്ക് ഏറ്റവും അപകടം സൃഷ്ടിച്ചിരിക്കുന്നത് ആസിയാൻ വ്യാപാരക്കരാറാണ്. ഈ കരാറിന്റെ മറവിൽ നികുതിരഹിതവും അനിയന്ത്രിതവുമായ കാർഷികോത്പന്ന ഇറക്കുമതി ഇന്നും കർഷകന്റെ നടുവൊടിക്കുന്നു. കേരളത്തിലെ കർഷകന്റെ സകല സ്വപ്നങ്ങളും പ്രതീക്ഷകളും തകർത്ത റബറിന്റെയും ഇതര നാണ്യവിളകളുടെയും വിലത്തകർച്ചയിലെ വില്ലനാണ് ആസിയാൻ കരാർ. എന്നാൽ, ആസിയാനെപ്പോലും നിഷ്പ്രഭമാക്കുന്നതും ഗ്രാമീണകർഷകനെ തീറെഴുതി രാജ്യാന്തര കോർപ്പറേറ്റുകൾക്കു മുമ്പിൽ മുട്ടുമടക്കിക്കുന്നതുമായ പുത്തൻ അമേരിക്കൻ വ്യാപാരക്കരാറിലേക്ക് കേന്ദ്രസർക്കാർ നീങ്ങുമ്പോൾ വിശദാംശങ്ങൾ പഠിക്കാനും ശക്തമായി പ്രതികരിക്കാനും രാഷ്ട്രീയനേതൃത്വങ്ങളും കർഷക സംരക്ഷണം അവകാശമായി പ്രഖ്യാപിക്കുന്ന ജനപ്രതിനിധികളും ശ്രമിക്കാത്തത് അദ്ഭുതമുളവാക്കുന്നു.

### കൃഷി-യുദ്ധക്കളം

അമേരിക്ക-ഇന്ത്യാ വ്യാപാരയുദ്ധക്കളത്തിൽ കൃഷി ഒരു പ്രധാന ആയുധമാണ്. ഇന്ത്യ കാർഷികോത്പന്ന ഇറക്കുമതിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഉയർന്ന താരിഫ് പിൻവലിക്കണമെന്നാണ് അമേരിക്ക മാറ്റമില്ലാതെ ആവശ്യപ്പെടുന്നത്. ഇന്ത്യയിലെ കർഷകരെ സംരക്ഷിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന നിലവിലെ ഇറക്കുമതിച്ചുങ്കത്തിൽനിന്ന് അമേരിക്കൻ വാശിക്കുമുമ്പിൽ മുട്ടുമടക്കി ഉഭയകക്ഷിക്കരാറിന്റെ പേരിൽ പുറകോട്ടു പോകാനുള്ള ഒരുക്കത്തിലാണ് ഒരു പരിധിവരെ കേന്ദ്രവാണിജ്യമന്ത്രാലയം.

വൻഇറക്കുമതിയിൽനിന്നു കർഷകരെ സംരക്ഷിക്കാൻ ഇന്ത്യ ഉയർന്ന താരിഫ് നിലനിർത്തുന്നു. ചില ഉത്പന്നങ്ങൾക്ക് 150 ശതമാനം വരെ താരിഫുണ്ട്. അമേരിക്കൻ കാർഷികോത്പന്നങ്ങളുടെ ആവറേജ് തീരുവനിരക്ക് 37.7 ശതമാനവും. ഇന്ത്യൻ കാർഷികോത്പന്നങ്ങളുടെ അമേരിക്കൻ ഇറക്കുമതിയിലെ തീരുവ 5.3 ശതമാനവുമാണ്. 2020 ൽ ഒരു അമേരിക്കൻ കർഷകന് ശരാശരി 46 ഹെക്ടറിലധികം കൃഷിയുള്ളപ്പോൾ ഇന്ത്യൻ കർഷകന് ഒരു ഹെക്ടറിൽ താഴെമാത്രം. ഇന്ത്യ പ്രധാനമായും, അരി, ചെമ്മീൻ, തേൻ, പച്ചക്കറിസത്ത്, ആവണക്കെണ്ണ, കുരുമുളക് എന്നിവ അമേരിക്കയിലേക്കു കയറ്റുമതി ചെയ്യുമ്പോൾ അമേരിക്ക ബദാം, വാൽനട്ട്, പിസ്ത, ആപ്പിൾ, പയർ, സിന്തറ്റിക് റബർ, ക്ഷീരോത്പന്നങ്ങൾ, പരുത്തി, ഗോതമ്പ്, ചോളം എന്നിവ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നു.

അമേരിക്കയുടേത് വാണിജ്യവത്കരിച്ച കാർഷികമേഖലയും കൃഷിയുമാണ്. ഇന്ത്യയിൽ കൃഷി ഗ്രാമീണകർഷകന്റെ ഉപജീവനമാർഗമാണ്. അമേരിക്ക കൃഷിക്കു വൻതോതിൽ സബ്സിഡി നൽകുകയും കർഷകരെ സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ, ഇന്ത്യയിലെ ചെറുകിടകർഷകർക്കു സംരക്ഷണവുമില്ല; നിക്ഷേപശേഷിയുമില്ല.

ഇന്ത്യയിലെ സ്വകാര്യമേഖലയ്ക്കാകട്ടെ, കൃഷിയോടു താത്പര്യമില്ല. ഇന്ത്യയിലെ മൊത്തം സർക്കാർ, സ്വകാര്യ നിക്ഷേപത്തിന്റെ 6 ശതമാനം മാത്രമേ കൃഷിയിലുള്ളൂ. ജലസേചനസംഭരണ സൗകര്യങ്ങളുടെ അഭാവവും കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമ്പോൾ കാർഷിക താരിഫ് കുറയ്ക്കാനും താങ്ങുവില കുറയ്ക്കാനും ജനിതകമാറ്റം വരുത്തിയ വിളകളും പാലുത്പന്നങ്ങളും നികുതി കുറച്ചും നികുതിരഹിതമായും ഇറക്കുമതി ചെയ്യാനും കരാറൊപ്പിട്ടാൽ ഇന്ത്യയിലെ കർഷകരെ സർക്കാർ കുരുതികൊടുക്കുകയായിക്കും. ആയുധമില്ലാതെ യുദ്ധക്കളത്തിൽ കർഷകർ മരിച്ചുവീഴുന്ന ദുരവസ്ഥയ്ക്കു കേന്ദ്രസർക്കാർ വഴിയൊരുക്കരുത്.

### കാർഷികസബ്സിഡി

കാർഷികസബ്സിഡി സംബന്ധിച്ച് ലോകവ്യാപാരക്കരാറിൽ നിബന്ധനകളേറെയുണ്ട്. പക്ഷേ, അമേരിക്കയ്ക്ക് ഇതൊന്നും ബാധകമല്ല. വൻ സബ്സിഡി കർഷകർക്കു നൽകി കൂടുതൽ ഉത്പാദനവും സംഭരണവും അതോടൊപ്പം കർഷകസംരക്ഷണവും അമേരിക്കൻസർക്കാർ നടപ്പിലാക്കുന്നു. മുൻകാലത്ത് ചീസിന്റെ വിലയിടിഞ്ഞപ്പോൾ ഒട്ടും മടിക്കാതെ കർഷകരിൽനിന്ന് സർക്കാർ പ്രഖ്യാപിത ഉയർന്ന വിലയ്ക്കു ചീസ് വിലയ്ക്കുവാങ്ങി കടലിലൊഴുക്കിയ ചരിത്രം അമേരിക്കയ്ക്കുണ്ട്. കർഷകരെ സംരക്ഷിക്കാൻ അമേരിക്കൻസർക്കാർ കാണിക്കുന്ന പ്രതിബദ്ധത അത്രയ്ക്കും വലുതാണ്. ഇതിന്റെ തുടർച്ചയാണ് ഇന്ത്യയുടെ കാർഷികവിപണി കീഴടക്കാനുള്ള ട്രംപിന്റെ ആസൂത്രിത ശ്രമങ്ങളും. 2014 ൽ അമേരിക്ക അംഗീകരിച്ച പത്തുവർഷത്തേക്കുള്ള ഫാം ബില്ലിന്റെ മറവിലാണ് വൻ സബ്സിഡികൾ കർഷകർക്കു നൽകുന്നത്. കർഷകരെ സംരക്ഷിച്ച് എല്ലാ സൗകര്യങ്ങളുമൊരുക്കി ഉത്പാദനം വർദ്ധിപ്പിച്ച് അവർക്ക് രാജ്യാന്തര വിപണിയും കണ്ടെത്തിക്കൊടുക്കുന്ന സർക്കാർ ഉത്തരവാദിത്വത്തിന് കൈയടിക്കുകതന്നെ വേണം.

►14

കഥ

# ബലൂൺ





ഫാ. തോമസ് പാട്ടത്തിൽചിറ CMF

**തോ**ട്ടിറമ്പിലുള്ള ഷീറ്റിട്ട വീടിന്റെ അടുക്കളവശത്തെ കടവിന്റെ ഇളകിത്തുടങ്ങിയ കൽപടവിൽ ആ നാലാം ക്ലാസ്സുകാരൻ ഇരുന്നു. ശവദാഹച്ചടങ്ങു കഴിഞ്ഞ് ഉമ്മറത്തും മുറ്റത്തുമൊക്കെയായി ഉണ്ടായിരുന്ന അധികമാരും അവനെ ശ്രദ്ധിച്ചില്ല. കൈയിൽ പാതി വീർത്ത ഒരു നീല ബലൂൺ. അതിനുള്ളിൽ ശേഷിക്കുന്ന വായു പുറത്തുപോകാതിരിക്കാൻ തന്റെ കുഞ്ഞുവിരലുകൾകൊണ്ട് നൂൽക്കെട്ട് അവൻ ചേർത്തുപിടിച്ചിരുന്നു. കണ്ണീരുണങ്ങാത്ത കഴിഞ്ഞ രണ്ടു ദിവസത്തെ കരച്ചിലിനും നിലവിളികൾക്കുമിടയിലും തന്റെ പുസ്തകങ്ങൾ വച്ചിരിക്കുന്ന കൊച്ചലമാരയ്ക്കുള്ളിൽ വായുനിറഞ്ഞ ആ ബലൂൺ പൊട്ടിപ്പോകാതെ അവൻ സൂക്ഷിച്ചിരിക്കുകയായിരുന്നു. അച്ഛന്റെ അവസാനശ്വാസം നിറഞ്ഞ ആ നീലബലൂൺ!

തലേന്ന് തന്റെ പത്താം പിറന്നാളിൽ അച്ഛൻ വാങ്ങിക്കൊണ്ടുവന്ന സമ്മാനങ്ങളിൽ ഒരുകൂട്ട് ബലൂണൂകളും ഉണ്ടായിരുന്നു. പല നിറങ്ങളിലുള്ള പത്തു ബലൂണുകൾ. കുഞ്ഞുന്നാളുമുതൽ തനിക്ക് ബലൂണുകൾ ഒത്തിരി ഇഷ്ടമാണെന്ന് അച്ഛനറിയാമായിരുന്നു. ഉത്സവപ്പറമ്പുകളിൽ അച്ഛന്റെ തോളിലിരുന്നു കരഞ്ഞതു കൂടുതലും നീലബലൂണുകൾക്കുവേണ്ടിയായിരുന്നു.

പിന്നീട്, തന്റെ എല്ലാ പിറന്നാളിലും ബലൂണുകൾ വാങ്ങിക്കൊണ്ടുവന്ന് സ്വയം ഊതിവീർപ്പിച്ചു തനിക്കു സമ്മാനിക്കുകയെന്നത് അച്ഛന്റെ പതിവായി. ഇക്കുറിയും ആ പതിവു തെറ്റിച്ചില്ല.

പത്തു ബലൂണുകളിൽ ഓരോന്നും അച്ഛൻതന്നെ ഊതിവീർപ്പിച്ച് നൂലുകൊണ്ടു കെട്ടിത്തുടങ്ങിയപ്പോൾ എന്തൊരു സന്തോഷമായിരുന്നു ആ മുഖത്ത്!

“തന്നെ ചെയ്യേണ്ടാ, ഞങ്ങളും കൂടാം”, സഹായിക്കാൻ അമ്മ അടുത്തുചെന്നു.

“വേണ്ടെടീ, മോനുവേണ്ടിയുള്ള ഈ പത്തു ബലൂണുകളിലും എന്റെ ശ്വാസംതന്നെ നിറയണം. എന്റെ പ്രാണനാ അവനു ഞാൻ കൊടുക്കുന്നത്.”

അങ്ങനെ ആ പത്തു ബലൂണുകളും വീർപ്പിച്ച് നൂലുകൊണ്ടു കെട്ടി അച്ഛനും അമ്മയും കുഞ്ഞനിയത്തിയും ചേർന്ന് തനിക്കു സമ്മാനമായി തന്നു. അച്ഛന്റെ ചുടുശ്വാസം നിറഞ്ഞ ബലൂണുകളുടെ ചരടുകൾ കൂട്ടിപ്പിടിച്ച് എല്ലാം മറന്നുനിന്ന തന്റെ കവിളുകളിൽ അവർ മൂവരും മാറിമാറി ഉമ്മ വച്ചു.

പെട്ടെന്നാണതു സംഭവിച്ചത്. അടുത്തുണ്ടായിരുന്ന കട്ടിലിലേക്ക് അച്ഛൻ കുഴഞ്ഞുവീണു.

“ഇത്തിരി വെള്ളം...” അതായിരുന്നു അവസാനവാക്ക്.

അമ്മയും കുഞ്ഞനിയത്തിയും താനും നിലവിളിച്ചുകരഞ്ഞു. വെള്ളപ്പാത്രം അമ്മ ചുണ്ടോടടുപ്പിച്ചു. കഷ്ടിച്ച് ഒരുകവിൾ വെള്ളമിറക്കി അച്ഛൻ അന്ത്യദാഹം കെടുത്തി.

“അച്ഛാ...അച്ഛാ... കണ്ണുതുറക്കച്ഛാ...” താൻ അലറിക്കരഞ്ഞു. ബഹളം കേട്ട് അയൽക്കാർ ഓടിക്കൂടി. വാർത്തയറിഞ്ഞ് ബന്ധുക്കളും കൂട്ടരുമായി കൂടുതലാളുകൾ വന്നുകൊണ്ടേയിരുന്നു.

ഒപ്പം, വീട്ടുമുറ്റത്ത് ചെറിയൊരു പടുതാപ്പന്തലും ഉയർന്നു,

മകനു പിറന്നാൾമധുരം പകർന്നിട്ടു മരിച്ചവനുവേണ്ടി...!

ഇന്ന് ഈ അന്തിയിൽ അമ്മയും താനും കുഞ്ഞനിയത്തിയും മാത്രമാവുകയാണ്.

അച്ഛൻ ഊതിവീർപ്പിച്ച ബലൂണുകളിൽ ഈ നീലയൊരെണ്ണമൊഴികെ ബാക്കിയെല്ലാം എപ്പോഴൊക്കെയോ പൊട്ടിപ്പോയി. അച്ഛന്റെ ഇത്തിരി ശ്വാസം അവശേഷിക്കുന്നത് ഇതിൽ മാത്രമാണ്. അതു പോകാൻ പാടില്ല... അതു തനിക്കു വേണം... ഓർമയായിട്ട്...

തുടർന്നുള്ള തങ്ങളുടെ ജീവിതയാത്രയിൽ കൂട്ടായിട്ട്...

പാതി ചുരുങ്ങിയ ആ ബലൂൺ അവൻ കൂടുതൽ മുറുക്കിക്കെട്ടി. തൊട്ടടുത്തു കിടന്ന അലക്കുകല്ലേലിരുന്ന കാലിയായ സോപ്പുപൊടിപ്പാത്രമെടുത്ത് ആ നീല ബലൂൺ അച്ഛന്റെ ഒരു ശ്വാസകോശമെന്നപോലെ അതിനുള്ളിലേക്ക് മെല്ലെ തിരുകിക്കയറ്റി പിരിവെട്ടാതെ ഭദ്രമായടച്ചു.

വിറയ്ക്കുന്ന കൈകളാൽ ആ പാത്രം മിടിപ്പു കൂടിവന്ന തന്റെ ചങ്കോടു ചേർത്തുപിടിച്ചു...

ഒരു കുട്ടി കാട്ടിയ പൊട്ടത്തരമോ അതോ, വിലയുള്ള ചിലതൊക്കെ നഷ്ടപ്പെടാതിരിക്കാനുള്ള നോവിൻവിരലുകളുടെ അള്ളിപ്പിടിത്തമോ!

തോടിനക്കരെയുള്ള ഇടവഴിയിലൂടെ തന്റെ കളിക്കൂട്ടുകാരൻ അവന്റെ അച്ഛന്റെ കൈപിടിച്ചു നടന്നു മറയുന്നത് കരഞ്ഞുകലങ്ങിയ കണ്ണുകളിലൂടെ അവൻ കണ്ടു.


അപ്പോൾ അസ്തമയസൂര്യൻ മേഘത്തൂവാലകൊണ്ട് മുഖം തുടച്ചുതുടങ്ങിയിരുന്നു.

വീട്ടിലെ വളർത്തുതാറാക്കൾ നീർപ്പോളകൾ കടിച്ചുരസിച്ചു തോട്ടിലൂടെ തുഴഞ്ഞുനടന്നു. ■




മാത്യൂസ് ആർപ്പൂക്കര

## കടലാമകൾ



**മി**ക്കവാറും സമയം ജലത്തിൽത്തന്നെ കഴിയുന്ന ആമവിഭാഗമാണ് കടലാമകൾ. ഭൂമിയിൽ ജീവൻ ആദ്യമായി ഉദ്ഭവിച്ചത് കടലിലാണല്ലോ. കോടിക്കണക്കു വർഷങ്ങൾകൊണ്ടു ചില ജീവികൾ കരയിലേക്കു കയറി. ഇപ്രകാരം കരയിലേക്കുകയറി വന്ന് തിരികെ കടലിലേക്കുതന്നെ പോയവയാണ് ഇവറ്റകൾ.

ശുദ്ധജലത്തിൽ കഴിയുന്ന ആമകളാണ് ടെറാപിൻ എന്നറിയപ്പെടുന്നത്. ഇവ തടാകങ്ങളിലും പുഴകളിലും കാണപ്പെടുന്നു. സമുദ്രത്തിൽ കഴിയുന്ന ആമകളാണ് കടലാമകൾ അഥവാ മറൈൻ ടർട്ടിൽസ്. ലോകത്തിലെ എല്ലാ സമുദ്രങ്ങളിലുമായി ഏഴ് കടലാമസ്പീഷിസുകളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇന്നിപ്പോൾ സമുദ്രമലിനീകരണംമുഖാന്തരം കടലാമകളുടെ നിലനില്പ് അപകടഭീഷണിയിലാണ്.

ഇന്നു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായമുള്ള ഉരഗവർഗമാണ് കടലാമകൾ. ഏകദേശം 20 കോടി വർഷങ്ങൾക്കു മുമ്പു തന്നെ കടലാമകളുടെ വർഗം ഉണ്ടായിരുന്നുവെന്നാണു ശാസ്ത്രമതം. ഏതാനും ഇഞ്ചുകൾ മുതൽ ഏഴ് അടിയിലേറെ നീളമുള്ള കടലാമകളുണ്ട്.

ജീവിക്കുന്നതു കടലിലാണെങ്കിലും തീരപ്രദേശത്തുണ്ടാക്കുന്ന കുഴിയിലാണ് കടലാമ മുട്ടയിടുക. മുട്ടയിട്ടുകഴിഞ്ഞാൽ മണൽകൊണ്ടു കുഴി മൂടും. പിന്നെ കാര്യം കഴിഞ്ഞു. കടലാമ വെള്ളത്തിലേക്കു മടങ്ങുകയായി. ആഴ്ചകൾ കഴിഞ്ഞ് മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ അതിവേഗം കടലിലേക്കിറങ്ങും. അതിനുമുമ്പ് മനുഷ്യന്റെയോ കടൽപക്ഷികളുടെയോ കണ്ണിൽപ്പെട്ടാൽ കഥ കഴിഞ്ഞതുതന്നെ.

കടലിൽ ജീവിക്കാനുള്ള ഒരുപാട് സൂത്രങ്ങളും സവിശേഷതകളും പ്രകൃതി കടലാമകൾക്കു നൽകിയിട്ടുണ്ട്. കടലിലെ ആഴങ്ങളിലേക്കു ഡൈവ് ചെയ്തുപോകാനും ദീർഘദൂരം നീന്താനുമൊക്കെ പറ്റുന്ന തരത്തിലാണ് ഇവയുടെ ശരീരഘടന. വീതികുറഞ്ഞ് നീളംകൂടിയ ചിറകിനു സമാനമായി കാണപ്പെടുന്ന മുൻകാലുകളാണ് കടലാമകളെ അനായാസം നീന്താൻ സഹായിക്കുക. ചെറിയ പിൻകാലുകൊണ്ടു ദിശ നിയന്ത്രിക്കാനുമാവും. ഫ്ളിപ്പറുകൾ എന്നാണു കടലാമകളുടെ മുൻ-പിൻകാലുകളെ വിളിക്കുക. പലയിടത്തും ഉറച്ച ഗ്രിപ്പു കിട്ടാനും തീരത്തേക്കും പാറമുകളിലേക്കുമൊക്കെ പിടിച്ചുകയറാനും മറ്റും ഇവയെ സഹായിക്കുന്നത് ഇതേ ഫ്ളിപ്പറുകൾക്കു മുന്നിലെ നീളൻ നഖങ്ങളാണ്.

വെള്ളത്തിനടിയിലാണ് ഇവയുടെ ഉറക്കവും വിശ്രമവും. എന്നാൽ, ഇടയ്ക്കു ശ്വാസമെടുക്കാനായി ഇവ ജലോപരിതലത്തിലേക്കു പൊങ്ങിവരും. ഒരുതവണ ശ്വാസമെടുത്താൽ അഞ്ചു മണിക്കൂർ വരെ ഇവയ്ക്കു വെള്ളത്തിൽ മുങ്ങിക്കിടക്കാനാവും. മണം പിടിക്കുന്നതിൽ വിരുതന്മാരാണ് കടലാമകൾ. ചെറുതായി വായ് തുറന്നു വെള്ളം അകത്തുകയറ്റി പുറത്തുവിട്ടാണ് ഇവ ഗന്ധങ്ങൾ തിരിച്ചറിയുക. ■

നോവൽ 22

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

പാറേലമ്മയോടൊപ്പം പോയി ലിസി ആടയാഭരണങ്ങളെടുത്തു. തന്റെ കാര്യത്തിൽ യാതൊരു ശുഷ്ക്കാന്തിയുമില്ലാത്ത സ്വന്തം വീട്ടുകാരെ അവൾ ഒപ്പം കൂട്ടിയില്ല. വീട്ടുകാർ വരാഞ്ഞതിൽ അപ്പു ഏറെ പരിഭവം പറഞ്ഞു. അവളുടെ നിർബന്ധത്താൽ സ്വർണ്ണം ജൂവലറിയിൽത്തന്നെ സൂക്ഷിച്ചു. കല്യാണദിവസം അതിരാവിലെ ജൂവലറിക്കാർ വീട്ടിൽക്കൊണ്ടെത്തരും.

സാരിബ്ലൗസുകൾ ടൗണിൽ തയ്ക്കാൻ കൊടുത്തു. അതും കല്യാണസാരിയും കൂട്ടുകാരി ഗ്രേസി സമയത്തു കൊണ്ടെത്തരും. അവളുടെ സമ്മാനമാണ് ബ്രൈഡൽ ബൊക്കെയും കാറിന്മേലുള്ള അലങ്കാരവും. തയ്യൽക്കൂലിക്കുപോലും അവൾ വീട്ടുകാരെ ഭാരപ്പെടുത്തിയില്ല. വീട്ടുകാരുടെ അനാസ്ഥയിൽ അവളുടെ മനം ചുട്ടുപൊള്ളി.

കല്യാണത്തലേന്നു രാവിലെ കിഴക്ക് വെള്ളകീറിയപ്പോൾ റോയിച്ചനൊരു കാറിൽ വന്നു. കഷ്ടിച്ച് ഒരാഴ്ചത്തെ ലീവേയുള്ളൂ. മടക്കയാത്രയ്ക്കുള്ള എയർ ടിക്കറ്റ് ബുക്ക് ചെയ്തിരിക്കുകയാണ്. സാലമ്മയുടെ നന്മകൊണ്ടു വന്നതാണത്രേ. ലിസിമോളുടെ കല്യാണം മോടിയായി നടത്താൻ പൊന്നുനാത്തൂൻ ആങ്ങളയെ വിട്ടതാണത്രേ.

ഒരു സർപ്രൈസുമായിട്ടാണ് റോയിച്ചൻ വന്നത്. സാലമ്മ ഗർഭിണിയാണ്. യാത്ര പാടില്ല. റെസ്റ്റുവേണം. ആ വാർത്തയിൽ ആ ഭവനം മുഴുവനും ആഹ്ലാദിച്ചു, ലിസിക്കും ഏറെ സന്തോഷമായി. വീട്ടിലെ ഏറ്റവും മൂത്ത സന്തതിക്കാണ് കുട്ടിയുണ്ടാവുന്നത്.

സുമ പറഞ്ഞു: “ഇച്ചാച്ചനു മമ്മയും നിലത്തല്ലിപ്പോൾ.” അമ്മ വഴക്കു പറഞ്ഞു: “കുശുമ്പു കുത്താതെടീ, ഒരാപത്തുമില്ലാതെ എല്ലാം നന്നായി വരട്ടേ.”

“ലിസിമോളേ ഒരുങ്ങെടീ, നിനക്കു രണ്ടു വളയെടുത്തു തരാനാ സാലിക്കുട്ടിയെന്നെ വിട്ടിരിക്കുന്നത്, ഒരു പെട്ടിയും വേണ്ടേ.”

ലിസി ഗദ്ഗദകണ്ഠയായിപ്പറഞ്ഞു: “വേണ്ട റോയിച്ചായാ, പൈസാ കളയാതെ സൂക്ഷിച്ചുവെക്ക്, എന്റെ കാര്യം എങ്ങനേലും സ്വർഗത്തിലെ അപ്പൻ നടത്തിക്കോളും, അപ്പൻ ധനവാനാണ്.”

“ഇതെന്നാമ്മേ, ഇവളിങ്ങനെയൊക്കെ, നമ്മുടെ ലിസിമോൾ എത്ര പാവമായിരുന്നു, എന്നുമുതലാ ഇവളിങ്ങനെ സംസാരിക്കുന്നേ?”

ലിസി തന്നെ ഇൻസൽട്ട് ചെയ്യുന്നതായി റോയിക്കുതോന്നി.

“അവൾ ഒത്തിരി കരഞ്ഞതാ മോനേ, കല്യാണത്തിന് ഒരു മാർഗോം കാണാതെ ഇച്ചാച്ചനും ഞാനും ഒരുപാടു വെഷമിച്ചതാ, ഒന്നും മോനെ അറിയിക്കണ്ടാന്നു കരുതി. നീയും മേഴ്സിയുമൊക്കെ അതതിടങ്ങളിൽ സുഖമായി കഴിയട്ടേന്നു കരുതി. ഒക്കെപ്പിന്നെപ്പറയാം. ഇപ്പം എല്ലാരുമിങ്ങു വരാന്തുടങ്ങും, അതിനുമുമ്പ് നീ വല്ലോം കഴിച്ചേ, നല്ല ചെണ്ടമുറിയൻകപ്പേം തൈരുചമ്മന്തീമൊണ്ട്, പെങ്കൊച്ചിന്റെ കല്യാണമായകൊണ്ടാ ആളൊഴുക്കു കുറഞ്ഞേ, എന്നാലും എല്ലാരുംവരും. വരുന്നോർക്കു വൈകിട്ടൊരു കപ്പബിരിയാണീം സദ്യേം ഒരുക്കണം, നാളെക്കാലത്തേക്ക് പാലപ്പോം സ്റ്റൂവും ഉണ്ടാക്കണം, ന്റെ റോയിച്ചന്റെ കല്യാണത്തിന് വീടിനിട്ടുവരെ എന്നാ അലങ്കാരമാരുന്നു, ഇതങ്ങു നടത്തുന്നു. അത്രേ ഒള്ളൂ.”

“എനിക്കുവേണ്ടി പ്രത്യേകമായി ഒരു സദ്യേം വേണ്ടമ്മച്ചീ, ഇതിനോടകം ലോകത്തിലെ എല്ലാ രാജ്യങ്ങളിലേം ഡിഷസ് സാലിക്കുട്ടിയെന്നെ കഴിപ്പിച്ചു, ഇപ്പം ഒന്നിനോടുമൊരു കൊതീമില്ല” ആ വാക്കുകൾ അമ്മയെ ആനന്ദിപ്പിച്ചു. അമ്മ പറഞ്ഞു: “അവളു നല്ല പെണ്ണാ, എന്റെ മോനെ അവളൊത്തിരി സ്നേഹിക്കുന്നുണ്ട്.”

റോയിച്ചൻ കൊണ്ടുവന്ന പെട്ടി പൊട്ടിച്ചുകാണാൻ അക്ഷമരായി, സാജനും മോനുവും.

ഇച്ചാച്ചൻ റോയിച്ചനോടു പറഞ്ഞു: “നീ വല്ലോം കഴിച്ചോ? കഴിച്ചിട്ടിച്ചിരെ വിശ്രമിച്ചിട്ടുവാ. ഒരുപാടു കാര്യങ്ങളുണ്ട് ചെയ്തു തീർക്കാൻ.”

റോയിച്ചൻ വന്നത് അപ്പന് ഒരാശ്വാസമായി.

“മിടുമിടുക്കനാണ് റോയിച്ചനെങ്കിലും പണ്ടത്തേപ്പോലെ അവന്റെ തലേൽ കൊട്ടവച്ചു കൊടുത്തിട്ട് ഭാരമൊഴിയാനൊന്നും ഇച്ചാച്ചനിപ്പം പറ്റില്ല. കാരണം, ഒരിലയനങ്ങണമെങ്കിൽ സാലമ്മയതറിയണം.” അമ്മ അഭിപ്രായപ്പെട്ടു.

ബന്ധുക്കൾ ഓരോരുത്തരായി എത്തിത്തുടങ്ങി. മേഴ്സിയുടെ കല്യാണത്തലേന്ന് സ്വർണ്ണാഭരണങ്ങളും കല്യാണസാരിയും കാണാൻ ആകാംക്ഷയോടെ വന്ന് തിരക്കിട്ടവർക്കൊക്കെ എന്തൊരു ശാന്തത. കല്യാണപ്പെണ്ണ് നാളെ എന്തുടുക്കും? എത്ര പവനാണ് വാങ്ങിയത്? വാഴ്ത്താനുള്ള മാല കാണിച്ചേ? ചെറുക്കന് അമ്മായിയമ്മയിടുന്ന മാല എന്ത്യേ? ചോദ്യകർത്താക്കളും ചോദ്യങ്ങളുമില്ല.

അതിലളിതമായ കല്യാണം.

അമ്മ പറഞ്ഞു: “ലിസിയമ്മ ഇനി അടുക്കളേന്നു കേറിപ്പോ, ഇലഞ്ഞിത്തറേപ്പോയി മുടികെട്ടി നോക്കണ്ടേ, അതോ ആ കൊച്ചിങ്ങോട്ടു വരുമോ?”

ലിസി ഒന്നും മിണ്ടിയില്ല. അവൾ പഠിപ്പിച്ച കുട്ടിയാണ് മോനി.

മോനി പറഞ്ഞിട്ടുണ്ട്: “ഞാനൊരു മേക്കപ്പ് ആർട്ടിസ്റ്റൊന്നുമല്ല, എന്നാലും റ്റീച്ചറിനെ ഞാൻ നന്നായി ഒരുക്കാം, റ്റീച്ചർ കഷ്ടപ്പെട്ട് വീട്ടിലേക്കു വരണ്ടാ ഞാനങ്ങോട്ടു വന്നോളാം. സാധനങ്ങളും കൊണ്ടുവരാം.”

ലിസിക്ക് ഒരു കാര്യത്തിനും വേവലാതി തോന്നിയില്ല. സ്വർഗത്തിലെ അപ്പൻ, തക്കസമയത്തെല്ലാം വേണ്ടപോലെ ചെയ്യുകയാണ്.

മേഴ്സിയുടെ കല്യാണത്തിനും റോയിച്ചന്റെ കല്യാണത്തിനും ഓടിത്തളർന്ന അവൾ വാസ്തവത്തിൽ സ്വന്തം കാര്യമായപ്പോൾ വിശ്രമിക്കുകയാണ്.

ഒരു കുഞ്ഞുപെട്ടിയിൽ അവൾ ജോലി ചെയ്തു സമ്പാദിച്ച വസ്ത്രങ്ങൾ അടുക്കിവച്ചു. കഴുത്തിലും കൈയിലുമായി കിടക്കുന്ന അഞ്ചെട്ടു പവനുണ്ട്, അതും തനിക്കുവേണ്ടാ. താനേറെ സ്നേഹിച്ച അപ്പൻപോലും ‘കൈയും കൈക്കലയുമില്ലാതെ‘ തന്നെ ഇങ്ങനെയൊരനാഥയെപ്പോലെ വിടുന്നതിൽ അവൾക്ക് ഉള്ളിൽ രോഷം അലയടിക്കുകയാണ്.

മേഴ്സിയും ജോയിച്ചനും കുഞ്ഞുമായെത്തി. അമ്മ പറഞ്ഞു; “നാളെ അതിരാവിലെ പെണ്ണിനെ ഒരുക്കാൻ മേഴ്സിയും കൂടെ പോണം.”

“യ്യോ അമ്മേ, ജോയിച്ചായന്റെ അപ്പച്ചനും അമ്മേം അനിയനുമൊക്കെ വരും, ഞാൻ ഇവിടെ നിന്നാലേ അവർക്കു കൃത്യത്തിന് വല്ലോം കൊടുക്കാൻ പറ്റൂ, അല്ലേപ്പിന്നെ ഏക്കപ്പേറാകും.”



“എന്നാ സുമകൂടെ പോ.”

‘വേണ്ടാമ്മേ, ലിസിച്ചേച്ചിക്ക് ആരുടേം ഓശാരം ആവശ്യമില്ല, തന്നേമല്ല, മോനി ഇങ്ങോട്ടു വരും ഒരുക്കാൻ, ഇന്ന് ട്രയലു നോക്കാനും നാളെ ഒരുക്കാനും. ആരുമാപ്പാവത്തിനെ ശല്യപ്പെടുത്താണ്ടിരുന്നാ മാത്രംമതി.”

മേഴ്സി കൈയിൽനിന്ന് ഒരു വള ഊരി അപ്പന്റെ കൈയിൽ കൊടുത്തു. “ജോലിയൊണ്ടേന്നേയുള്ളൂ ഇച്ചാച്ചാ, സ്വർണ്ണം വാങ്ങിത്തരാനോ, പണം തരാനോ സമ്മതിക്കുന്നില്ല, അവരെടങ്ങേറാ.”

ടൗണിൽപ്പോയി മടങ്ങിവന്ന റോയിച്ചൻ സ്നേഹനിർഭരമായി വിളിച്ചു: “ലിസിക്കുട്ടിയേ, ഇങ്ങുവാ മോളേ, ഇന്നാ.” തന്റെ കല്യാണത്തിന് ആദ്യമായി കിട്ടിയ സമ്മാനമാണ്. രണ്ടു സ്വർണ്ണവളകൾ.

“റോയിച്ചായനിത് കൈയിൽ വച്ചോളൂ, എനിക്കുവേണ്ടാ.”

അവൾ ആ സമ്മാനപ്പൊതി തിരിച്ചേല്പിച്ചു.

മേഴ്സികൊടുത്ത വള അപ്പൻ ലിസിക്കു നല്കി. അവൾ അതു വാങ്ങാൻ കൂട്ടാക്കിയില്ല.

റോയി ചോദിച്ചു: “എന്താ മോളേ നിനക്കെന്താ സംഭവിച്ചേ? സ്ത്രീധനം അവർക്കു വേണ്ടെന്നല്ലേ പറഞ്ഞത്, പണം കൊടുക്കാഞ്ഞിട്ടാണോ നിന്റെ സങ്കടം. പിന്നെ നീയിട്ടിരിക്കുന്നതെല്ലാം കൂടെ കണക്കാക്കുമ്പം സ്വർണ്ണോം ഇത്രേമൊക്കെപ്പോരേ, നീ സ്ത്രീധനത്തിനെതിരേ വനിതാ മാസികയിൽ എഴുതി സമ്മാനം വാങ്ങിയയാളല്ലേ, കഷ്ടം, ഇതാ പറയുന്നത്, ഏട്ടിലെ പശു പുല്ലു തിന്നില്ലെന്ന്.”

“നാളെ കല്യാണമാ അല്ലെങ്കിൽ ഇതിനു തക്ക മറുപടി അവളു തന്നേനേ.” ജാക്സൺ കളിയാക്കി.

അമ്മയും മേഴ്സിയും പേരമ്മമാരും കൊച്ചമ്മമാരും എല്ലാം ഓരോരോ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരാൾ മോരുകാച്ചുന്നു, മറ്റൊരാൾ കാബേജ് തോരൻ വയ്ക്കുന്നു, പേരമ്മയും അയലത്തെ തങ്കമണിച്ചേച്ചിയുംകൂടെ മുറ്റത്തെ ചെമ്പടുപ്പിൽ ഇറച്ചി ഉലർത്തുന്നു, വ്യാഴാഴ്ച നല്ലനേരം നോക്കി മംഗല്യഭാഗ്യമുള്ളവർ ഒത്തുകൂടി അഞ്ചാറു ചട്ടികളിലായി മീൻ കറിവച്ചിട്ടുണ്ട്.

പേരമ്മ പറഞ്ഞു: “ഇനി കപ്പബിരിയാണി ഉണ്ടാക്കണം.”

അമ്മയുടെ വീട്ടുകാർ ഓരോരുത്തരായി എത്തിത്തുടങ്ങി. അമ്മായിമാർ ലിസിയെ അടുത്തുവിളിച്ച് ഓരോ കുഞ്ഞുകവറുകൾ ഏല്പിച്ചു. പേരെഴുതാത്ത ആ കവറുകൾ ആരും കാണാതെ അവൾ അമ്മയ്ക്കു നല്കി. അമ്മ പറഞ്ഞു: “ഇതു മോൾ വച്ചോളൂ, നിനക്കു കിട്ടുന്നതൊക്കെ നീയെടുത്തോളൂ, മേഴ്സി അങ്ങനെയിരുന്നു.” അവൾക്കൊന്നും വേണ്ടെന്ന് അവൾ ആംഗ്യം കാണിച്ചു.

അമ്മയ്ക്കു പതിവില്ലാത്ത ശ്രദ്ധയാണ് ഇന്നു ലിസിയെ. “ലിസിമോളേ മുടിയൊക്കെ കെട്ടിനോക്കിയെങ്കിൽ ഇനി പോയിക്കെടന്നുറങ്ങ്, വെളുപ്പിനെ എഴുന്നേക്കണം.” പതിവില്ലാതെ അമ്മ ഒരു ഗ്ലാസ് പാൽ അവളെ നിർബന്ധിച്ച് കുടിപ്പിച്ചു.

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അമ്മയുടെ കണ്ണുകളും ഈറനണിഞ്ഞു.

“എന്റെ മക്കളെക്കൊണ്ട് ഞാനൊരുപാടു ജോലിയെടുപ്പിച്ചിട്ടൊണ്ട്. നല്ലയാഹാരംപോലും തന്നിട്ടുമില്ല, അമ്മയോടു മോളു പൊറുക്കുമോ?”

“സാരമില്ലമ്മേ, ദൈവം എന്നെയേറെ സ്നേഹിക്കുന്നുണ്ടല്ലോ അതുമതി. അമ്മകാരണമല്ലേ ഞാനിത്രയേലും പഠിച്ചത്.”

“ചാണകോം വാരി പശൂംമൂത്രോം കോരി, തറവാട്ടിപ്പോയി തുപ്പൽകോളാമ്പീം മെഴക്കി എന്റെ പൊന്നൊത്തിരി കഷ്ടപ്പെട്ടു.”

അമ്മയുടെ കൈവിരലുകൾ അവളുടെ മുടിയിഴകളെ തഴുകി. അമ്മ നിറകണ്ണുകളോടെ അവളുടെ മൂർദ്ധാവിൽ ചുംബിച്ചു:

“ന്റെ മോൾ ഏറെ അനുഗ്രഹിക്കപ്പെടും നാളെ മുതൽ നീ അപ്പൂന്റെയാണ്. അവൻ നല്ല കൊച്ചനാ. അപ്പൂനേം അവന്റെയമ്മേം പൊന്നുപോലെ നോക്കണം. മോളെപ്പറ്റി ഒരു മോശോം പറേപ്പിക്കരുത്. അവരെ ജീവനെപ്പോലെ സ്നേഹിച്ചോണം.”

ലിസി തന്റെ ആഭരണങ്ങളെല്ലാം ഓരോന്നായി ഊരിയെടുത്ത് അമ്മയെ അണിയിച്ചു. ഇതെല്ലാം ഇനി അമ്മയ്ക്കുള്ളതാണ്. സൂക്ഷിച്ചോണം, കല്യാണവീടാണ്. ഒന്നും കളയല്ലേ, ഞാനൊത്തിരി കഷ്ടപ്പെട്ടുണ്ടാക്കിയതാ.

(തുടരും)



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# പൊതുജനാരോഗ്യമേഖല ഇനിയും ശക്തിപ്പെടണം

നേർമൊഴി

**കേ**രളത്തിന്റെ പൊതുജനാരോഗ്യ മേഖല മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നാംതരമാണെന്നാണ് ഭരിക്കുന്ന സർക്കാരിന്റെ അവകാശവാദം. അതിനർഥം, ആരോഗ്യമേഖലയിൽ പ്രശ്നങ്ങളൊന്നുമില്ലെന്നോ ആ മേഖലയിൽ ഇനി വളർച്ച ആവശ്യമില്ലെന്നോ അല്ല. ആരോഗ്യമേഖലയിലെ ഇനിയും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ മാത്രം പർവതീകരിച്ചു കാണിച്ചു കേരളത്തിന്റെ ആരോഗ്യമേഖലയെ ഇകഴ്ത്തിക്കാണിക്കുന്നതിനു പിന്നിൽ രാഷ്ട്രീയമോ മറ്റു നിക്ഷിപ്തതാത്പര്യങ്ങളോ ഉണ്ടാകും. രോഗീപരിചരണത്തിന് വേണ്ടത്ര ഡോക്ടർമാരും ആരോഗ്യപ്രവർത്തകരുമുണ്ടാവുക, ക്ലിനിക്കുകളും ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുമുണ്ടാവുക, സർക്കാർ മേഖലയിൽത്തന്നെ ഈ സൗകര്യങ്ങളുണ്ടാവുക, ശിശുമരണങ്ങളും പകർച്ചവ്യാധികളും നിയന്ത്രിക്കപ്പെടുക തുടങ്ങിയ കാര്യങ്ങൾ സംഭവിക്കുമ്പോഴാണ് ആരോഗ്യമേഖല മെച്ചപ്പെട്ടതാണെന്നു പറയാൻ കഴിയുക.

കേരളത്തിൽ 74000 ത്തോളം അലോപ്പതിഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുവെന്നാണു കണക്ക്. അതിൽ 7000 ത്തിൽ താഴെ ഡോക്ടർമാർ മാത്രമാണ് സർക്കാരാശുപത്രികളിൽ സേവനം ചെയ്യുന്നത്. മറ്റുള്ളവർ സ്വകാര്യ ആശുപത്രികളിലാണ് ജോലി ചെയ്യുക. അടിസ്ഥാന സൗകര്യങ്ങളും ആധുനികസജ്ജീകരണങ്ങളുമുള്ള ആശുപത്രികളാണ് ഡോക്ടർമാർ തിരഞ്ഞെടുക്കുക. സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിലാണ് മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാവുക. അത്തരം ആശുപത്രികളിൽപോലും എല്ലാ ചികിത്സകളും ലഭിച്ചുകൊള്ളണമെന്നില്ല. മുഖ്യമന്ത്രി എന്തുകൊണ്ടാണ് അമേരിക്കയിൽ ചികിത്സ തേടി പോയതെന്ന ചോദ്യത്തിനുത്തരമിതാണ്.



സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരാണ് കൂടുതലായും സർക്കാർ ആശുപത്രികളെ ആശ്രയിക്കുക. അവിടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. അതിനുള്ള ക്രമീകരണമുണ്ടാകേണ്ടത് സർക്കാർ ബഡ്ജറ്റിൽനിന്നാണ്. 2024–25 സാമ്പത്തികവർഷം ആരോഗ്യവകുപ്പിനു സർക്കാർ അനുവദിച്ചത് 10997 കോടി രൂപയാണ്. ഇതിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു 400 കോടി നൽകി. എന്നാൽ, ആ തുക മുഴുവൻ വേണ്ടപ്പെട്ട വകുപ്പിന് ലഭിച്ചില്ലെന്നാണ് വിവരം. 145 കോടിയിൽപ്പരം രൂപ പിടിച്ചുവച്ചു. മെഡിക്കൽ കോളജുകൾക്കു നൽകിയത് 157 കോടി. അവർക്കു നൽകേണ്ടിയിരുന്നത് 217 കോടി രൂപ. ആർ.സി.സി. ക്ക് ബഡ്ജറ്റിൽ വകയിരുത്തിയത് 730 കോടിയും നൽകിയത് 36 കോടിയുമെന്നറിയുമ്പോൾ എന്തുകൊണ്ടാണ് ആരോഗ്യമേഖല രോഗാതുരമാകുന്നതെന്നു വ്യക്തമാകും.

മെഡിക്കൽ കോളജുകളിൽപ്പോലും ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങളോ നൂതന ഉപകരണങ്ങളോ ഇല്ല. പല പരിശോധനകളും പുറത്തു നടത്തേണ്ടിവരുന്നത് ഇക്കാരണത്താലാണ്. അതുകൊണ്ട് സർക്കാരിനു ഫണ്ടില്ലെന്ന മുടന്തൻന്യായം പറഞ്ഞ് ചികിത്സ നടത്താതിരിക്കുന്നതും വൈകിക്കുന്നതും ഒരു സർക്കാരിനും ഭൂഷണമല്ല. ഫണ്ട് സ്വരൂപിക്കാനുള്ള കടമയും അധികാരവും സർക്കാരിനുണ്ട്. കടംവാങ്ങി ശമ്പളം കൊടുക്കുന്നതുകൊണ്ടുമാത്രം ഒരു സർക്കാരിന്റെ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല. മെഡിക്കൽ ഇൻഷുറൻസ്പോലുള്ള ആരോഗ്യസുരക്ഷാനടപടികൾ കർശനമാക്കുകവഴി സാധാരണക്കാർക്കുപോലും ഗുണനിലവാരമുള്ള ചികിത്സ ലഭിക്കാനും സർക്കാരിന്റെ സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കാനും സാധിക്കും. കൂലിവേലയ്ക്കുപോലും ഉയർന്നവേതനം കിട്ടുന്ന കേരളത്തിൽ സർക്കാരുകളുടെ മേൽനോട്ടമുണ്ടായാൽ ആരോഗ്യ ഇൻഷുറൻസ് ഉറപ്പാക്കാവുന്നതാണ്.

സർക്കാർ ആരോഗ്യമേഖലയിൽ ആത്മാർത്ഥതയോടെ സേവനം ചെയ്യുന്ന ഡോ. ഹാരിസിനെപ്പോലുള്ളവരുടെ പരാതികളെ വിമർശനമോ ആക്ഷേപമോ ആയിക്കാണാതെ അവരുടെ ആത്മനൊമ്പരമായി കണക്കാക്കിയാൽ അത് പാവപ്പെട്ടവർക്കുപകാരപ്പെടും. വകുപ്പുതല നടപടികൾകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ല. സർക്കാർവിരുദ്ധനോ പാർട്ടിവിരുദ്ധനോ ആയ ഡോക്ടറല്ല ആശുപത്രിയുടെ പരിമിതിയെക്കുറിച്ചു പുറത്തു പറഞ്ഞ ഡോ. ഹാരിസ്.

ഹാരിസിനെ നിലയ്ക്കുനിറുത്താനുള്ള മാർഗങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നപ്പോഴാണ് കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടത്തിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണ് ഒരു മരണം സംഭവിച്ചത്. കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായിക്കിടന്ന ഭാഗത്തുണ്ടായിരുന്ന ശുചിമുറിയുമായി ബന്ധപ്പെട്ട ഭാഗമാണ് ഇടിഞ്ഞുവീണത് എന്ന ഉത്തരവാദിത്വപ്പെട്ടവരുടെ ഉത്തരവാദിത്വമില്ലാത്ത പ്രതികരണം വലിയ കോളിളക്കം ഉണ്ടാക്കിയത് ആരും മറന്നിട്ടില്ല. ഉപയോഗശൂന്യമായ ശുചിമുറിക്കുപകരം സൗകര്യങ്ങൾ എന്തുകൊണ്ട് ഉണ്ടായില്ല എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കേണ്ടേ? ഒരു നിർമ്മാണം പൂർത്തിയായാൽ, അത് എന്തുമാവട്ടെ, ജനത്തിനു തുറന്നുകൊടുക്കാനുണ്ടാകുന്ന കാലതാമസം ചെറുതല്ല. അവകാശവാദത്തെക്കുറിച്ചുള്ള തർക്കങ്ങൾ മാത്രമല്ല, ഉദ്ഘാടനത്തിനെത്തിക്കേണ്ട വിശിഷ്ടാതിഥികളുടെ തിരക്കും അടിയന്തരസ്വഭാവവുമുള്ള കാര്യങ്ങൾ പോലും വൈകുന്നതിനിടയാക്കാറുണ്ട്. ■

# നിങ്ങൾക്കുമാവാം ഒരു അടുക്കളത്തോട്ടം

ജോഷി മുഞ്ഞനാട്ട്

നമ്മുടെ നിത്യജീവിതത്തിൽ പച്ചക്കറികൾക്കു മുഖ്യസ്ഥാനമാണുള്ളത്. എന്നാൽ, ദിനംപ്രതി വില വർദ്ധിച്ചുവരികയും. അതിനാൽത്തന്നെ ഓരോ വീട്ടുവളപ്പിലും ഒരു കൊച്ചു പച്ചക്കറിത്തോട്ടം അത്യാവശ്യംതന്നെ. വെയിൽ ലഭിക്കുന്നതും തെളിച്ചമുള്ളതുമായ ഇടമാണ് പച്ചക്കറികൾക്ക് ഏറ്റവും അനുയോജ്യം.

സ്ഥലം തിരഞ്ഞെടുത്തു കഴിഞ്ഞാൽപ്പിന്നെ നിലമൊരുക്കുകയാണ് അടുത്ത ജോലി. നിലം നന്നായി കിളച്ച് ചപ്പുചവറുകളും കല്ലുകളുമെടുത്തുമാറ്റുക. ശേഷം, ചാണകപ്പൊടിയും ചാരവും ചേർത്ത് ഒന്നുകൂടി മണ്ണ് നന്നായി ഇളക്കിമറിക്കുക. ഇനി തടമെടുത്ത് വിത്തുകൾ പാകാം. നിലം തയ്യാറാക്കുന്ന അവസരത്തിൽ അല്പം കുമ്മായപ്പൊടി വിതറുന്നതും വേപ്പിൻപിണ്ണാക്ക് ചേർക്കുന്നതും നല്ലതാണ്.

അടുക്കളത്തോട്ടം അടുക്കളഭാഗത്തു ക്രമീകരിച്ചാൽ അരിയും പച്ചക്കറിയും കഴുകുമ്പോഴുള്ള വെള്ളവും ഉച്ഛിഷ്ടങ്ങളും ഫലപ്രദമായി ഉപയോഗിക്കാം. കഞ്ഞിവെള്ളം ഒരു ജൈവകീടനാശിനി എന്ന നിലയിലും ഉത്തമമാണ്.

ഗുണനിലവാരമുള്ള വിത്തുകൾ അംഗീകൃതനേഴ്സറികളിൽനിന്നു വാങ്ങുന്നതാവും നന്ന്. വിത്തുകൾ ശേഖരിച്ചുകഴിഞ്ഞാൽ അതിനെ മുളപ്പിച്ചെടുക്കണം. വെണ്ട, പാവൽ, മത്തൻ, തുടങ്ങിയവയുടെ വിത്തുകൾ നേരിട്ട് തടത്തിൽ പാകാവുന്നതാണ്. പാകുന്നതിനു മുമ്പായി വിത്തുകൾ ഒരു ചെറിയ തുണിയിൽ കെട്ടി ചിരട്ടയിൽ വെള്ളമൊഴിച്ചിട്ടു വയ്ക്കുക. അല്പം ചാണകവെള്ളമായാലും കുഴപ്പമില്ല.

ഇപ്രകാരം കുതിർത്തുവച്ച വിത്തുകൾ പാകിയാൽ വേഗം കിളിർത്തുവരും. നാലു മുതൽ ആറുമണിക്കൂർവരെയെങ്കിലും വിത്തുകൾ കുതിർത്തുവയ്ക്കണം. എന്നാൽ, കൂടുതൽ സമയം കുതിർത്തുവയ്ക്കുന്നതും നന്നല്ല. ചീരവിത്ത് പ്രത്യേകമായിത്തന്നെ പാകി കിളിർപ്പിക്കേണ്ടതുണ്ട്.

വിത്തുകൾ മണ്ണിൽ അധികം ആഴത്തിൽ നടരുത്. മുളയ്ക്കു കേടുപറ്റാതെ വിത്തുകൾ ഓരോന്നും അല്പം അകലത്തിൽ നടുക. എല്ലാ വിത്തുകളും നട്ടുകഴിഞ്ഞാൽ ആവശ്യത്തിനു നനയ്ക്കണം. മൂന്നുനാലുദിവസത്തേക്ക് തുടർച്ചയായി നനയ്ക്കണം.

ഇലകൾ വന്നു തുടങ്ങിയാൽപിന്നെ വളപ്രയോഗം നടത്താം. കമ്പോസ്റ്റ്, ചാണകപ്പൊടി, ചാരം തുടങ്ങിയവ തുടർന്നുള്ള സമയങ്ങളിൽ നൽകാവുന്നതാണ്. കൂടാതെ, ചാണകവെള്ളം കലക്കി തടത്തിൽ ഒഴിച്ചുകൊടുക്കുന്നതും നല്ലതാണ്. മഴയില്ലാത്ത അവസരത്തിൽ നനച്ചു കൊടുക്കണം. ചെടികളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും വേനൽക്കാലത്ത് ധാരാളം വെള്ളം ആവശ്യമായി വരും.



കോവൽത്തണ്ടു മുറിച്ചുവച്ചാണ് നടുന്നത്. ഇവയ്ക്കു വളർച്ചയുടെ ആദ്യഘട്ടത്തിൽ നല്ല നന ആവശ്യമാണ്. കടലപ്പിണ്ണാക്ക് മണ്ണിൽചേർത്തുകൊടുക്കുന്നത് കായ്പിടിത്തത്തിനു സഹായിക്കും.

കോവൽ, പാവൽ, പയർ തുടങ്ങിയ വിളകൾക്ക് പന്തലും തയ്യാറാക്കിക്കൊടുക്കണം. പ്രാണിശല്യത്തിന് ചിരട്ടക്കെണി, പഴക്കെണി തുടങ്ങി ജൈവകീടനിയന്ത്രണമാർഗങ്ങൾ ഉപയോഗിക്കാവുന്നതാണ്.

വീട്ടുപറമ്പിൽ സ്ഥലസൗകര്യമില്ലാത്തവർക്ക് വീടിന്റെ ടെറസ്സിൽ ചെടിച്ചട്ടികളിലോ ചാക്കുകളിലോ മണ്ണ്, ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്ത മിശ്രിതത്തിൽ കൃഷി നടത്താം. ഇന്നു ധാരാളം കർഷകരും വീട്ടമ്മമാരും ടെറസ്സിനു മുകളിൽ പച്ചക്കറിക്കൃഷി, പൂക്കൃഷി എന്നിവ നടത്തിവരുന്നു. കറ്റാർവാഴ പോലെയുള്ള ഔഷധസസ്യങ്ങളും ഇപ്രകാരം കൃഷി ചെയ്യാവുന്നതാണ്. ■

# അന്ധവിശ്വാസങ്ങളിലുയർന്ന മനുഷ്യത്തൂണുകൾ



ജോസ് വഴുതനപ്പിള്ളി

**ഇ**ന്നത്തെ മെക്സിക്കോയുടെ മധ്യത്തിൽ 'ആസ്ടെക്' എന്നൊരു സാമ്രാജ്യമുണ്ടായിരുന്നു. ഒരു കൊച്ചു ദ്വീപിന്റെ നടുവിൽ ഈ വർഗക്കാർ ഒരു കരിങ്കൽത്തറയുണ്ടാക്കി മനുഷ്യരെ കിടത്തും. പുരോഹിതൻ ഒരു കൽക്കത്തികൊണ്ട് വയറു കുത്തിപ്പിളർക്കും. എന്നിട്ട് അപ്പോഴും മിടിച്ചുകൊണ്ടിരിക്കുന്ന ഹൃദയമെടുത്തു ചോരപുരണ്ട കരങ്ങളിലുയർത്തി ആകാശത്തുള്ള സൂര്യഭഗവാനെ വാഴ്ത്തും. ദൈവങ്ങളെ പ്രീതിപ്പെടുത്താനും സമൂഹത്തിന്റെ നന്മകൾക്കായുംമറ്റും നടത്തുന്ന മനുഷ്യക്കുരുതികളുടെ പാരമ്പര്യം ഈജിപ്തിലും മെസൊപ്പൊട്ടോമിയയിലും അമേരിക്കയിലും ഒക്കെ ധാരാളമായി നിലനിന്നിരുന്ന കാര്യമാണ്.

16–ാം നൂറ്റാണ്ടുവരെ ജപ്പാനിൽ നമ്മെ നടുക്കുന്ന നരബലികൾ സാധാരണമായിരുന്നു. വലിയ കെട്ടിട സമുച്ചയങ്ങളും, ദൈർഘ്യമുള്ള പാലങ്ങളും, കൂറ്റൻകൊട്ടാരങ്ങളും പണിതുയർത്തുമ്പോൾ നമ്മുടെയൊക്കെ തല കറക്കുന്ന, ഞെട്ടിപ്പിക്കുന്ന ഒരു വലിയ കർമം നടക്കും. 'ഹിറ്റോ ബഷിറ' എന്നുപേരുള്ള മനുഷ്യത്തൂണുകൾ നാട്ടി മരണത്തിനു മുമ്പേതന്നെ അവരെ കുഴിച്ചുമൂടുന്ന രീതിയാണിത്. ഇതുമൂലം നിർമിതികൾക്ക് അധികബലം കൈവരും, കരുത്താർജിക്കും എന്നാണിവരുടെ വിശ്വാസം. ചീന, ഇന്തോനേഷ്യ, ബർമ എന്നിവിടങ്ങളിലും ഇത്തരം വകഭേദങ്ങൾ കാണാം.

പടുകൂറ്റൻകെട്ടിടങ്ങൾക്കടിയിൽ, പാലങ്ങൾക്കടിയിൽ കുറെ മനുഷ്യരെ മനുഷ്യത്തൂണാക്കുമ്പോൾ അതുവഴി ആ നിർമിതികൾ ആർക്കും തകർക്കാനാകാത്തവിധം ശക്തിയാർജിക്കും എന്നാണവരുടെ വിശ്വാസം. പ്രകൃതിദുരന്തങ്ങളും ആപത്തുകളും ഒന്നും ഇതിനെ തകർക്കുകയില്ലത്രേ. ഇതിനായുള്ള ഷിൻടോ ദൈവങ്ങളോടുള്ള പ്രാർഥനയാണ് ഹിറ്റോബഷിറ.

**നിന്റോക്കുവിന്റെ സ്വപ്നം**

109 വയസ്സുവരെ ജീവിച്ചിരുന്ന ഒരു മഹാനായ ചക്രവർത്തിയായിരുന്നു നിന്റോക്കു. കാരുണ്യപ്രവൃത്തികൾക്കും ജനസേവനത്തിനും പ്രസിദ്ധനായിരുന്ന ചക്രവർത്തി ഒരിക്കൽ ഒരു സ്വപ്നം കണ്ടു. അത് അന്നാട്ടിലെ രണ്ടു മഹാനദികളെക്കുറിച്ചായിരുന്നു. ഓരോ നദിയുടെയും തീരത്തു വസിക്കുന്ന രണ്ടു മനുഷ്യരെ ഹിറ്റോബഷിറ എന്ന മനുഷ്യക്കുരുതി ചെയ്യാതെ നദികളുടെ ആക്രോശം നിലയ്ക്കുകയോ കരകവിഞ്ഞൊഴുകി നാശനഷ്ടം വിതയ്ക്കുന്നതു തടയുകയോ സാധ്യമല്ല എന്നാണ് ദൈവം സ്വപ്നത്തിൽ വന്നു പറഞ്ഞത്. ഇതനുസരിച്ചു രണ്ടു സാധാരണ പൗരന്മാരെ കുരുതി കൊടുക്കാൻ രാജാവിന് ഉത്തരവിറക്കേണ്ടിവന്നു. അതിൽ ഒന്നാമനെ ഒരു നദിയിലേക്കു കൊണ്ടുപോയി. 'ഇത് തന്റെ വിധി' എന്നു പറഞ്ഞ് അയാൾ മനുഷ്യക്കുരുതിക്കു വിധേയനായി. കലുഷിതമായി രൗദ്രരൂപം പ്രാപിച്ച നദി അയാളെ വിഴുങ്ങി. അതോടെ നദി ശാന്തമായി ഒഴുകാൻ തുടങ്ങി, മണൽത്തിട്ട ഉണ്ടായി.

രണ്ടാമൻ അടുത്ത നദിയിലേക്ക് ആനയിക്കപ്പെട്ടു. പക്ഷേ, അയാൾ ബുദ്ധിമാനായിരുന്നു. കൈയിൽ രണ്ടു വലിയ കുമ്പളങ്ങയുമായാണ് അയാൾ പോയത്. മനുഷ്യർ അദ്ഭുതത്തോടെ നോക്കി നിന്നു – എന്തിനായിരിക്കും ഈ കുമ്പളങ്ങാ?

അയാൾ നദീതീരത്തുചെന്ന് നെഞ്ചു വിരിച്ചുനിന്നു പറഞ്ഞു: "ഞാനിതാ ദേവതയുടെ മുമ്പിൽനിൽക്കുന്നു, എന്റെ ജീവൻ സമർപ്പിക്കാൻ സന്തോഷത്തോടെ തയ്യാറായിക്കൊണ്ട്. ഈ നാടിനു മുഴുവൻ നാശനഷ്ടങ്ങൾ വരുത്തുന്ന ദേവിയുടെ കോപം ശമിപ്പിക്കാൻ എന്റെ ബലിദാനം മതിയാകുമല്ലോ. പക്ഷേ, ഒരു കാര്യം, ഞാൻ ഈ വെള്ളത്തിൽ എറിയുന്ന രണ്ടു കുമ്പളങ്ങകളും ദേവി മുക്കിത്താഴ്ത്തണം – ഒരിക്കലും പൊങ്ങിവരാത്ത വിധത്തിൽ. അപ്പോൾ ഞാൻ അറിയും, ദേവി സത്യമുള്ള ദേവിയാണെന്ന്. അപ്പോൾ എന്റെ ജീവൻ നൽകും. മറിച്ച് ഈ കുമ്പളങ്ങാ താണുപോകുന്നില്ലായെങ്കിൽ ദേവി സത്യമുള്ളതല്ലായെന്നു ഞാൻ കരുതും. പിന്നെ എന്റെ ജീവൻ ത്യജിക്കാൻ തയ്യാറാവുകയില്ല.

ഇതും പറഞ്ഞു രണ്ടു കുമ്പളങ്ങായും അയാൾ വെള്ളത്തിലേക്കെറിഞ്ഞു. പെട്ടെന്ന് ഒരു ചുഴലിക്കാറ്റു വന്നു കുമ്പളങ്ങയെ മുക്കിത്താഴ്ത്താൻ ശ്രമിക്കുന്നതുപോലെ തോന്നി. പക്ഷേ, ഒന്നും സംഭവിച്ചില്ല. കൊടുങ്കാറ്റു പെട്ടെന്നു ശമിച്ചു, നദി ശാന്തമായി. മനുഷ്യർ ആർത്തുവിളിച്ചു. ചക്രവർത്തി അയാളെ മോചിപ്പിച്ചു പറഞ്ഞയച്ചു. നദീതീരം പിന്നീടൊരിക്കലും കലുഷിതമായിട്ടില്ല, അശാന്തമായിട്ടില്ല.

പെട്ടെന്ന് ഒരു പരിഹാരമുണ്ടാക്കാൻ ചക്രവർത്തി കാണിച്ച വൈദഗ്ധ്യത്തെ ജനം പ്രകീർത്തിച്ചു. അതോടെ ഒരു വലിയ പാഠം അവർ പഠിക്കുകയായിരുന്നു. അങ്ങനെയാണ് ജപ്പാനിലെ ആദ്യത്തെ മനുഷ്യത്തൂൺ ഉണ്ടായത്.

പിന്നീട് പാലങ്ങളും നിർമിതികളും സൃഷ്ടിക്കുമ്പോൾ മനുഷ്യക്കുരുതി അനിവാര്യമാണ് എന്നവർ ചിന്തിക്കാൻ തുടങ്ങി. ചിലപ്പോൾ മനുഷ്യരെ കൊന്നു ടണലുകൾക്കകത്തും മറ്റും നിക്ഷേപിക്കും. മറ്റു ചിലരെ ശവപ്പെട്ടിയിലാക്കി അണക്കെട്ടുകൾക്കും പാലങ്ങൾക്കും സമീപത്ത് എവിടെയെങ്കിലും കുഴിച്ചിടും. അങ്ങനെ



യുള്ളവരെ ഭാഗ്യപ്പെട്ടവർ എന്നു വിളിക്കാം. കാരണം, അല്ലാത്തവരെ ഭവനങ്ങളുടെ അടിത്തറയിലും മറ്റും ജീവനോടെതന്നെ നാട്ടിനിർത്തി മണ്ണിടും. തീപ്പിടിത്തം, പ്രകൃതിദുരന്തങ്ങൾ എന്നിവയിൽനിന്നൊക്കെ രക്ഷ നേടാൻ ഇതു വേണം എന്നവർ വിശ്വസിച്ചുപോന്നു.

**സാരു ഡോട്ടേയെപ്പറ്റി ഒരു കഥ**

സാരുഡോട്ടേ എക്കാലവും ഒരു കോപാകുലയെപ്പോലെ കലങ്ങിമറിഞ്ഞു നാശം വിതച്ച് കരകവിഞ്ഞൊഴുകുമായിരുന്ന ഒരു നദിയാണ്. വെള്ളപ്പൊക്കം കാരണം അടുത്തുള്ള നെൽവയലുകളിലെ കൃഷി അസാധ്യമായി. ഇതൊരു തുടർക്കഥയായപ്പോൾ അന്നാട്ടുകാർ യോഗംകൂടി ഈ കലുഷിതമായ നദിയെ എങ്ങനെ ശാന്തമാക്കാം; ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാമെന്ന് ആലോചിച്ചു. ആരോ ഒരു അഭിപ്രായം പറഞ്ഞു: "നോക്ക്, യാങ്കോ കാസിൽ പണിയുന്ന കാലത്തു മണ്ണൊലിപ്പു കാരണം പല പ്രാവശ്യം പണി നിർത്തിവയ്ക്കേണ്ടിവന്നു. ഒടുവിൽ അവിടെയൊരു ഹിറ്റോ ബഷിറ നടത്തിയപ്പോഴാണ് പ്രശ്നം അവസാനിച്ചത്. പ്രകൃതിദേവതയെ ചൊൽപടിയിലാക്കാൻ ഇതുതന്നെ മാർഗം." പക്ഷേ, ഇതിനു തയ്യാറായി ആരു വരും? ഒടുവിൽ എല്ലാവരും കൂട്ടംകൂടി ഒരു തീരുമാനമെടുത്തു. നാളെ വെളുപ്പിനു നദീതീരത്ത് ആദ്യമെത്തുന്ന ആളെ നമുക്കു ബലികൊടുക്കാം.

അങ്ങനെ ഇരയാകേണ്ട ആ പാവത്തിനെയും കാത്ത് അവരെല്ലാം കാടുകളിൽ പതിയിരുന്നു. നേരം വെളുത്തതേ അന്നാട്ടിലെ കുരങ്ങുകളിക്കാരൻ, മദാരി തോളത്ത് ഒരു കുരങ്ങനെയും പേറി നദിക്കരയിലെത്തി. അയാളെ നാട്ടുകാർ പിടിച്ചുകെട്ടി. തോളത്തിരുന്ന കുരങ്ങുൾപ്പെടെ നദിയിലെ മണ്ണിനടിയിൽ താഴ്ത്തി. ഇന്നേവരെ അതിനുശേഷം മണൽത്തിട്ടകൾ പൊളിയുകയോ വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടാവുകയോ ചെയ്തിട്ടില്ലത്രേ.

**കാമിക്കുള്ള കുരുതി**


ഒരു ഐതിഹ്യകഥകൂടി പറഞ്ഞു ഞാൻ ഈ ലേഖനം അവസാനിപ്പിക്കാം. ഒരു സുന്ദരിയെ ഒരു മരക്കൂട്ടിൽ തളച്ചു പർവതങ്ങളുടെ ദേവിയായ കാമിക്കു കുരുതി കഴിക്കുന്നു. അതോടെ കാമി ഒരു കരിമ്പൂച്ചയായി രൂപാന്തരപ്പെട്ടു. രണശൂരനായ ഒരു ധീരപരാക്രമി ഈ പൂച്ചയെ പിന്തുടർന്ന് കൊല്ലുന്നതോടെ സർവപ്രശ്നങ്ങളും തീരുന്നു. ഗ്രാമത്തിൽ പിന്നീടൊരിക്കലും കാമിദേവിക്കു കുരുതികൊടുക്കേണ്ടിവന്നിട്ടില്ല.

ഹിറ്റോ ബഷിറ എന്ന് അവസാനിച്ചു എന്നതിനു കൃത്യമായ കണക്കുകളില്ല. സാമൂഹികവും മതപരവുമായ ചിന്തകളിൽ വന്ന മാറ്റങ്ങൾ, വാസ്തുശില്പകലയിൽ വന്ന ടെക്നോളജിക്കൽ വിപ്ലവം, പരിഷ്കൃതസമൂഹത്തിന് ഇത്തരം കാര്യങ്ങളിൽ വന്നുചേർന്ന പുത്തൻ കാഴ്ചപ്പാട് ഇതെല്ലാം കാരണം ഈ സമ്പ്രദായം ജപ്പാനോടു മെല്ലെ വിട പറഞ്ഞു.

## വായന

### പ്രവാചകൻ എങ്ങനെ പുരോഹിതനായി

**ജോയ്സ് കൈതക്കോട്ടിൽ**




ദൈവവും ദൈവത്തിന്റെ വചനവും ഇന്നത്തെ സാഹചര്യങ്ങളോട് എന്താണു പറയുന്നതെന്ന ആത്മാർഥമായ അന്വേഷണവും ആ അന്വേഷണം വെളിപ്പെടുത്തുന്ന സത്യങ്ങൾക്കനുസരിച്ചുള്ള നിലപാടുകളും ഉൾച്ചേർന്ന ഒരുത്തമഗ്രന്ഥം. **പ്രസാധനം: മാർ ലൂയിസ് പബ്ലിക്കേഷൻസ് എറണാകുളം, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ പാലാ, വില: ₹ 150**

---

### കൗതുകകരം ശാസ്ത്രകഥകൾ

**മാത്യൂസ് ആർപ്പൂക്കര**




നിത്യജീവിതവുമായി ഇഴചേർന്നുകിടക്കുന്ന ഇരുപതു പ്രധാനവിഷയങ്ങളെ അധികരിച്ചെഴുതിയ നുറുങ്ങു ശാസ്ത്രകഥകൾ. തികച്ചും ലളിതമായ പ്രതിപാദനം. കുട്ടികളിൽ ഏറെ താത്പര്യമുണർത്തുന്ന ഗ്രന്ഥം. **പ്രസാധനം: ജീവൻ ബുക്സ്, ഭരണങ്ങാനം, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ പാലാ, വില : ₹ 80**

# മറക്കരുതേ ഈ ഹൃദയപാഠങ്ങൾ



സിജു ജോസഫ്

ഒരു കുഞ്ഞിനെയും അപ്പനെയും ഓർമവരുന്നു. മരണം ഉറപ്പാക്കപ്പെട്ട ഒരുവനാണവൻ. 'കൊച്ചിന് കൂടുതലാണെന്നു' മാത്രമറിയാവുന്ന അപ്പൻ ഗ്രാമസഹജമായ നിഷ്കളങ്കതയോടെയും പ്രതീക്ഷയോടെയും ഐ.സി.യു. വിന്റെ ചില്ലുവാതിലിലെ അക്ഷരവിടവിലൂടെ ഇടയ്ക്കിടെ അകത്തേക്കു നോക്കുന്നുണ്ട്. മരുന്നിനോ സാന്ത്വനവാക്കുകൾക്കോ കീഴടങ്ങാതെ അസഹ്യമായ വേദനകൊണ്ടു പിടയുന്ന മകനെ നോക്കി ഒരു സന്ധ്യയിൽ അയാൾ വ്യാകുലാനായി നിന്നു. "നിങ്ങളീ കാണിക്കുന്നതുകൊണ്ടൊന്നും എന്റെ കുഞ്ഞ് ഉറങ്ങുകേല. അവനു മേലെന്നായപ്പോൾമുതൽ ഈ ചങ്കേ കിടത്തിയാ ഞാനവനെ ഉറക്കിക്കൊണ്ടിരുന്നേ. അകത്തേക്കൊന്നു കയറ്റിവിട്ടാൽ ഞാനവനെ ഉറക്കിത്തരാം." സ്നേഹവും നിസ്സഹായതയും കലർന്ന ഒരു ചിരിയോടെ ഡോക്ടർ അയാളുടെ ശ്രമത്തെ വിലക്കുമ്പോൾ ഒരു യാചനകൂടി അയാൾ അവസാനമായി നടത്തുന്നു. ആ ഭിത്തിക്കപ്പുറത്ത് അവന്റെ കട്ടിലിനോടു നെഞ്ചു ചേർത്തുവച്ച് ഞാൻ നില്പുണ്ടെന്ന് നിങ്ങളവനോടു പറയണം. അതുമാത്രം മതിയാകും അവന് ശാന്തമായി ഉറങ്ങാൻ." ആ യാചന സ്വീകരിക്കപ്പെട്ടു.

ഡോക്ടർ അവന്റെ ചെവിയോടു ശിരസ്സുചേർത്തു മന്ത്രിക്കുന്നതും അവൻ ഭിത്തിയോടു ചേർന്നുകിടക്കാൻ ശ്രമിക്കുന്നതും അയാൾ നോക്കിനിന്നു. ഡ്യൂട്ടി കഴിഞ്ഞ് വെളുപ്പിനെ പുറത്തേക്കു പോകുമ്പോൾ ഡോക്ടറൊരു കാഴ്ച കാണുകയാണ്. യേശുക്രിസ്തു കുരിശിൽ കിടക്കുന്നതുപോലെ രണ്ടു കൈയും വിരിച്ചുപിടിച്ച് നെഞ്ച് ഭിത്തിയോടു ചേർത്തുവച്ച് ആ മനുഷ്യൻ പാതിമയക്കത്തിൽ നില്ക്കുന്നു. അപ്പന്റെ നെഞ്ചിലെ ചൂടിൽനിന്നെപ്പോഴോ ആ കുഞ്ഞ് പറന്നുപോയി. ബോബി ജോസ് കട്ടികാടച്ചന്റെ പ്രഭാഷണത്തിൽനിന്ന് ഒരിക്കൽ മനസ്സിൽ കയറിക്കൂടിയവരാണ് ഈ അപ്പനും മോനും.

ഭിത്തിക്കപ്പുറം അപ്പൻ ഉറങ്ങാതെ നില്പുണ്ട് എന്ന ഉറപ്പ് അവനുണ്ടായിരുന്നു. ഭിത്തിക്കപ്പുറം താനൊന്നനങ്ങിയാൽ തന്റെ കുഞ്ഞിന് ഉറക്കം നഷ്ടമായേക്കുമെന്ന പേടി അയാൾക്കുമുണ്ടായിരുന്നു. എന്തൊരു സൗന്ദര്യമാണ് അവരുടെ 'നെഞ്ചുറപ്പി'ന്.

പകരാൻ ഹൃദയത്തിലെന്തെങ്കിലുമുള്ളവനു മാത്രമേ ഒരാളെ നെഞ്ചോടു ചേർക്കാൻ അവകാശമുള്ളൂ. സന്ധ്യയ്ക്ക് വിളക്കുതെളിച്ച് നാമജപസാന്ദ്രമായി നില്ക്കുന്ന ചില കൊച്ചുവീടുകളെ ഇപ്പോഴും കാണാം. ഉള്ളിലെ വെളിച്ചമാവണം ഉമ്മറത്തെ തിരികളിൽ തെളിയേണ്ടത്. ജീവിതത്തിന്റെ ഓരോ നിമിഷത്തിലും വിതയ്ക്കാനും കൊയ്യാനും കരയാനും ചിരിക്കാനും ഉണ്ണാനും ഉറങ്ങാനുമെല്ലാം ദൈവത്തെ ആവശ്യമായിരുന്ന ഒരു തലമുറ ബാക്കിവച്ചതാണ് നിലവിളക്കിലും മെഴുതിരികളിലും ഇന്നു കാണുന്ന വെളിച്ചം. ഉള്ളിലെ വെളിച്ചം പടുതിരികത്തുമ്പോഴാണ് ബന്ധങ്ങളെ ദുരന്താഗ്നി വിഴുങ്ങുന്നത്.

പ്രകോപനപരമായ ചില ശാസനകൾ, വൈകിപ്പോയ ചില തിരുത്തലുകൾ, 'വാശിപ്പുറത്തുള്ള' ചില തീരുമാനങ്ങൾ ഇവയൊക്കെ എത്ര കുഞ്ഞുങ്ങളുടെ ജീവനെയും ജീവിതത്തെയുമാണ് സ്വന്തം വീടുകളിൽത്തന്നെ കുരുതികഴിച്ചിട്ടുള്ളത്! പ്രത്യാശയും സ്നേഹവും പരിഗണനയും നിറഞ്ഞ ഒരു നെഞ്ചിലേക്ക് തല ചായ്ച്ചൊന്നു കരയാൻ അവസരം കിട്ടിയിരുന്നെങ്കിൽ 'മരിച്ചിട്ടാണെങ്കിലും തോല്പിക്കാനുള്ള' തീരുമാനത്തിൽനിന്ന് എത്രയോ പേർ പിന്മാറുമായിരുന്നു.

ഉള്ളിലെപ്പോഴും ഒരു ദൈവത്തെ 'സൂക്ഷിച്ചുകൊണ്ടു നടക്കാൻ' പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അത്ര ചെറിയ കാര്യമല്ലെന്നറിയുക. ഹൃദയസംവേദനത്തിലൂടെ മാത്രം കൈമാറ്റം ചെയ്യപ്പെടേണ്ട മൂല്യങ്ങളിലൊന്നാണത്. അതു സംഭവിക്കാത്ത വീടും കാലവും ഒരുക്കിയെടുക്കുന്ന മക്കൾ എന്നും എപ്പോഴും വെളിച്ചത്തിന്റെ മക്കളായിത്തന്നെ ജീവിക്കും എന്നു നമുക്കു ശഠിക്കാനാകുമോ?

'ദ ലോസ് ഹീറോ' എന്ന പേരിൽ ഒരു



പുസ്തകമുണ്ട്. വിനോദ് കാംബ്ലിയുടെ ജീവചരിത്രത്തിന്റെ പേരാണിത്. കുനാൻ പുരന്ദരെയാണ് ഗ്രന്ഥകർത്താവ്. കരിയറിന്റെ തുടക്കത്തിൽ 'The wonder boy' എന്നും സച്ചിനേക്കാൾ കേമൻ എന്നും ലോകകായികപ്രേമികൾ വിശേഷിപ്പിച്ച വിനോദ് കാംബ്ലി 'ഇന്ത്യയുടെ ദുരന്തനായകൻ' എന്നാണ് ഇന്നു വിശേഷിപ്പിക്കപ്പെടുന്നത്.

ശാരദാശ്രമം സ്കൂളിലെ വിദ്യാർഥികളായിരുന്ന കാലത്ത് സച്ചിനും കാംബ്ലിയും ചേർന്നു സൃഷ്ടിച്ച 364 റൺസിന്റെ ലോകറെക്കോർഡും പിന്നീട് സച്ചിനു പിന്നാലെ ഇന്ത്യൻ ടീമിൽ ഇടം പിടിച്ചതിനുശേഷം കാംബ്ലി നടത്തിയ അസൂയാവഹമായ പ്രകടനങ്ങളും മതിയായിരുന്നു കാംബ്ലിയെ ഇന്ത്യൻ ക്രിക്കറ്റിന്റെ നെറുകയിൽ പ്രതിഷ്ഠിക്കാൻ. മദ്യപാനം, വഴിവിട്ട ബന്ധങ്ങൾ, നിശാക്ലബ്ബുകൾ, വിവാഹങ്ങൾ, വിവാഹമോചനങ്ങൾ ഇവയെല്ലാമാണ് കാംബ്ലിയെന്ന പ്രതിഭാധനനായ കായികതാരത്തെ ഇന്നത്തെ സഹതാപാർഹമായ അവസ്ഥയിലെത്തിച്ചത്. പ്രതിവർഷം 20 കോടി പ്രതിഫലം വാഗ്ദാനം ചെയ്തിട്ടും ലോകത്തിലെ പ്രശസ്തമായ മദ്യനിർമ്മാണക്കമ്പനിയുടെ പരസ്യത്തിൽ അഭിനയിക്കാൻ സച്ചിൻ തയ്യാറായില്ല എന്ന വസ്തുതകൂടി ഇതോടൊപ്പം ഓർമിക്കണം. എന്നെങ്കിലും പ്രശസ്തനായാൽ യുവാക്കളെ വഴിതെറ്റിക്കുന്ന ഒന്നിന്റെയും പരസ്യത്തിൽ അഭിനയിക്കരുത് എന്ന് അച്ഛൻ രമേശ് തെൻഡുൽക്കർ നല്കിയ ഉപദേശമായിരുന്നു സച്ചിന്റെ ആത്മബലം.

ആനന്ദിന്റെ നോവലിലെ ഒരു കഥാപാത്രമുണ്ട്. അശാന്തമായ മനസ്സോടെ അയാൾ ഒരു ഗ്രാമത്തിലൂടെ നടക്കുമ്പോൾ വഴിയോരത്തു കുറെ കുട്ടികൾ കൂട്ടം ചേർന്ന് ആർത്തുചിരിക്കുന്നതും ആവേശത്തോടെ ഏതോ വിനോദത്തിലേർപ്പെടുന്നതും കാണുന്നു. മനസ്സ് അശാന്തമെങ്കിലും കുഞ്ഞുങ്ങളുടെ പൊട്ടിച്ചിരികൾ അയാളെ അവിടെ തടഞ്ഞുനിർത്തുന്നു. കൗതുകത്തോടെ അവർക്കരികിലേക്കു നടന്നുചെന്ന് മുഖം കുനിച്ചുനോക്കുമ്പോൾ അയാൾ കാണുന്നത് കണ്ണു രണ്ടും ചൂഴ്ന്നെടുക്കപ്പെട്ട് ചോരയിൽ കുളിച്ച് പ്രാണവേദനയോടെ പിടഞ്ഞുരുളുന്ന ഒരു പൂച്ചക്കുട്ടിയെയാണ്. ആ പിടച്ചിലാണ് അവരുടെ ചിരിയുടെ ഊർജം.

റാഗിങ്ങിന്റെ പേരിൽ, പിറന്നാളാഘോഷങ്ങളുടെ പേരിൽ മനുഷ്യശരീരത്തോടു കാട്ടുന്ന ക്രൂരതയുടെയും നിന്ദയുടെയും പേടിപ്പിക്കുന്ന വാർത്തകളാണ് കലാലയങ്ങളിൽനിന്നു കേൾക്കുന്നത്. ഇവർ വളർന്നത് വീടുകളിലായിരുന്നില്ലേ, ഇവർക്കുമില്ലേ അപ്പനുമമ്മയും, ഇവർ പഠിച്ചവരല്ലേ? ചോദ്യങ്ങൾ നാം വ്യർഥമായി ഉരുവിട്ടുകൊണ്ടിരിക്കുന്നു.

കരുത്തുറ്റ ഹൃദയബന്ധങ്ങൾ രൂപപ്പെടുത്താനും നിലനിർത്താനും ആത്മീയതയുടെയും സഹിഷ്ണുതയുടെയും പാഠങ്ങൾ അതിലൂടെ കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പതിച്ചുറപ്പിക്കാൻ ഇനിയുള്ള കാലത്തെങ്കിലും സമയമില്ല എന്നു പറയരുതേ.

'നിങ്ങളുടെ മകൻ മന്ദബുദ്ധിയാണ്. മേലിൽ അവനെ സ്കൂളിലേക്കയയ്ക്കരുത്' എന്ന് ടീച്ചർ മകന്റെ കൈയിൽ കൊടുത്തുവിട്ട കത്ത് അവനെ കാണിക്കാതെ വായിച്ചിട്ട്, നെഞ്ചോടു ചേർത്തുപിടിച്ച് ചുംബനങ്ങൾകൊണ്ടും കണ്ണീരുകൊണ്ടും അവനെ സ്നാനം ചെയ്തെടുത്ത ഒരമ്മയെക്കുറിച്ചു കേട്ടിട്ടില്ലേ? 'നീ വല്യ മിടുക്കനാണെന്നാണ് ഇതിൽ എഴുതിയിരിക്കുന്നത്. അമ്മയ്ക്കു സന്തോഷമായി. ഇനി സ്കൂളിലേതിനെക്കാൾ നല്ല സൗകര്യങ്ങൾ അമ്മ വീട്ടിലൊരുക്കിത്തരാം.' വിദ്യാലയം തള്ളിക്കളഞ്ഞ ആ കുഞ്ഞിനെ നാം തോമസ് ആൽവ എഡിസൻ എന്ന പേരിൽ ഇന്ന് ആദരിക്കുന്നു. അപമാനത്താൽ വ്രണപ്പെട്ട് മകനെയും അധ്യാപകരെയും തന്നെത്തന്നെയും ശപിച്ചും പഴിച്ചും കാലം പോക്കുന്ന ഒരു അമ്മയായിരുന്നു അവരെങ്കിൽ ആ കുഞ്ഞിന്റെ വിധി എന്താകുമായിരുന്നു?

ഹൃദയത്തിൽ ബാക്കിയെന്തുണ്ട് എന്ന് ഓട്ടത്തിനിടയിൽ അല്പമൊന്നു നിന്നിട്ടാരായണം. നെഞ്ചോടു ചേർത്തുവയ്ക്കാൻ കടപ്പെട്ടവർക്ക് ഹൃദ്യമായ ഒരു പുഞ്ചിരിയോ ആത്മാവിനെ തൊട്ടുതലോടുന്ന ഒരു വാക്കോ നല്കിയിട്ട് കാലമെത്രയായി എന്ന കണക്കെടുക്കണം. ശിഷ്ടമായി ചിലത് ചിലർക്കുവേണ്ടി കരുതിവയ്ക്കണം. നിലച്ചുപോയേക്കാവുന്ന ഒരു ഹൃദയത്തെ അതു വീണ്ടും ചലിപ്പിച്ചു തുടങ്ങും.

■

**കവിത** **വിനയകുമാർ മാനസ**

## ആത്മം

ആത്മഹത്യയ്ക്കെന്തി-
നാക്രാന്തമിത്രയും
ആത്മാർത്ഥമായൊന്നു
ചിന്തിക്ക ലോകമേ...

ആത്മീയ,ദൈവിക
രാഷ്ട്രീയബോധനം
ആത്മാവിനെ തൊട്ടു-
ണർത്താൻ വിളംബമോ...

ആത്മപ്രശംസകൾ
വ്യർത്ഥമാകുന്നുവോ
ആത്മാംശമെന്തിലും
നഷ്ടപ്പെടുന്നുവോ...

ആത്മാഭിമാന,ദു-
രാത്മാഭിമാനങ്ങൾ,
ആത്മനിന്ദാപരം
വേറിട്ടറിഞ്ഞിടാം...

ആത്മവിചിന്തന,
മോരോ നിമിഷവും
ആത്മരക്ഷയ്ക്കായി
മറ്റെന്തു പോംവഴി...

ആൽമരം പോലെന്നും
നിൽക്കാമുലയാതെ,
യാത്മധൈര്യത്തിൻ കൊ
ടുമുടിയായ് നിത്യം...



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

11

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**സ്കൂ**ളിൽ പോകാൻ തുടങ്ങിയതുമുതൽ പിങ്ക്ളാങ്കിക്കു സമയം തീരെയില്ല, ഹിന്ദി കുറച്ചു ബുദ്ധിമുട്ടായിത്തോന്നി, പപ്പയും അമ്മയും ട്യൂഷനു വിടാമെന്നു പറഞ്ഞെങ്കിലും ഇപ്പോൾ വേണ്ടായെന്ന് അവൻ പറഞ്ഞു. മഴ പതുക്കെ മാറി. അന്തരീക്ഷം പ്രസന്നമായി. ഓണപ്പരീക്ഷയ്ക്കിനി അധികം നാളില്ല, നന്നായി പഠിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും, ചിലപ്പോഴൊക്കെ ഹിന്ദിയും കണക്കും അങ്ങോട്ടു മനസ്സിലാകുന്നില്ല.

ഓണപ്പരീക്ഷയുടെ മാർക്കു വരട്ടെ എന്നു പപ്പയും അമ്മയും പറഞ്ഞു.

പിപ്പിൻ വന്നതിൽപിന്നെ കുറച്ച് ഉഴപ്പാണെന്ന് ആശയ്ക്കു തോന്നിയെങ്കിലും, അവർ അതു പറഞ്ഞ് അവനെ വിഷമിപ്പിച്ചില്ല.



അശ്വിനും ഹിന്ദി, സോഷ്യൽ സ്റ്റഡീസ് ഇവ തലയിൽ കയറുന്നില്ല എന്നു പറഞ്ഞു. വിശാലിനു കണക്കുമാത്രം ബുദ്ധിമുട്ടാണ്. ആദ്യപരീക്ഷയുടെ മാർക്കുവരെ നോക്കാമെന്ന് അവർ തമ്മിൽ പറഞ്ഞു.

എല്ലാവരുടെയും മുടി വെട്ടിയതൊക്കെ പതുക്കെ വളർന്നു. അശ്വിന്റെ മെഡിക്കൽ റിസൾട്ട് വന്നതിൽ, ഡോക്ടർമാർ സന്തോഷം പ്രകടിപ്പിച്ചു. എന്നാലും എല്ലാ മൂന്നുമാസവും പരിശോധന ചെയ്യണം.

മാലാഖമാർ, പതിവുപോലെ വിവരങ്ങളൊക്കെ തിരക്കിക്കൊണ്ടിരുന്നു. അവരോടു പുതിയ പള്ളിയിലേക്കു പോകുന്ന കാര്യം ചോദിക്കാൻ ആഗ്രഹിച്ചെങ്കിലും ചോദിച്ചില്ല.

സ്കൂളിൽ നട്ട ചീരയും വെണ്ടയും കുറച്ചൊക്കെ മഴയിൽ പോയെങ്കിലും, അതും വലിയ കുഴപ്പമില്ലാതെ വളർന്നു. പിപ്പിൻ കുറച്ചു വലുതായി.

ഐവാന്റെ ജന്മദിനം ഓഗസ്റ്റ് മൂന്നിനായിരുന്നു. ക്ലാസ്സിലെ കുട്ടികൾക്കൊക്കെ മിഠായി കൊടുത്തെങ്കിലും, ആ ശനിയാഴ്ച ആൺകുട്ടികളെ വീട്ടിലേക്കു വിളിച്ചു. എല്ലാവർക്കും വരാൻ സാധിച്ചില്ലെങ്കിലും, ഒമ്പതു പേർ വന്നു. അവർ വന്നതിന്റെ പ്രധാന കാരണം, പിപ്പിനെ കാണുക എന്നതാണ്.

അന്നവിടെ ഒരു മേളമായിരുന്നു. ചെറിയ സമ്മാനങ്ങൾ അവർ കൈമാറി. ആശ അവർക്കു ഫ്രൈഡ് റൈസും ചിക്കനും പുഡ്ഡിങ്ങും ഉണ്ടാക്കി.

അശ്വിൻ ഒരു ചെറിയ പന്തുമായിട്ടാണു വന്നത്. മുറ്റത്തു കുട്ടികൾ എല്ലാവരുംകൂടെ, പിപ്പിന്റെ കൂടെ പന്തു കളിച്ചു.

വളരെ നാളുകൾക്കു ശേഷം ആ വീട് ശബ്ദായമാനമായി. പപ്പയും വേഗം കടയിൽനിന്നു തിരികെവന്നു, കുട്ടികൾക്കൊക്കെ കൈനിറച്ചു, ചോക്ലേറ്റ് കൊടുത്തു. അങ്ങനെ ഐവാന്റെ പത്താംപിറന്നാൾ ഗംഭീരമാക്കി.

അമ്മ അവനെ പിങ്ക്ളാങ്കി എന്നു വിളിച്ചപ്പോൾ കുട്ടികൾ എല്ലാവരുംകൂടെ അവനെ കളിയാക്കി ആർത്തുവിളിച്ചു:

''പിങ്ക്ളാങ്കി, പിങ്ക്ളാങ്കി, പിങ്ക്ളാങ്കി.”

സാധാരണ ആരെങ്കിലും കളിയാക്കുമ്പോൾ സങ്കടം വരുന്നതാണ്. പക്ഷേ, എന്തോ ഈ പ്രാവശ്യം ഒന്നും തോന്നിയില്ല.

പപ്പയും അമ്മയും ചേച്ചിയും ചേട്ടനും മാത്രമല്ല, ഏറ്റവും അടുത്തവർ എല്ലാവരും അങ്ങനെയാണ് അവനെ വിളിക്കുന്നത്. എന്തിന് മാലാഖാമാർപോലും ആ പേരാണു വിളിക്കുന്നത്.

കൂട്ടുകാർ പോയതിനു ശേഷം പപ്പയും അമ്മയും കാണാതെ മുകളിലത്തെ മുറിയിലേക്കു പോയി. അഞ്ചു മാലാഖമാരും ഒരേ സ്വരത്തിൽ പറഞ്ഞു:

“ജന്മദിനമാണെന്നു നീ പറഞ്ഞില്ലല്ലോ. എന്നാലും ഞങ്ങളുടെ വക ജന്മദിനാശംസകൾ.”

“അത് മൂന്നാം തീയതി ആയിരുന്നു, അന്നു സ്കൂൾ ഇല്ലാഞ്ഞതിനാൽ കൂട്ടുകാർ വന്നു.”

“എന്നാലും ഞങ്ങളോട് ഒന്നു പറയാമായിരുന്നു.”

പരിഭവം പറഞ്ഞത് ഗബ്രിയേൽമാലാഖയാണ്.

അവർ അഞ്ചു പേരും ഒന്നിച്ച് അവനെ ആശ്ലേഷിച്ചു.

''ഗ്രൂപ്പ് ഹഗ്'' പിങ്ക്ളാങ്കി പറഞ്ഞു.

“എസ് ഡിവൈൻ ഏൻജൽസ് ഹഗ്.”

അവരുടെ കരവലയത്തിൽ അവൻ സുരക്ഷിതനായപോലെ തോന്നി.

വളരെ സന്തോഷകരമായ ഒരു പിറന്നാൾ ആഘോഷം.

തിങ്കളാഴ്ച എന്തോ സ്കൂളിൽ പോകാൻ മടിതോന്നി. എന്നാലും പോകാതിരിക്കാൻ സാധിക്കില്ല. ചെറിയ പനിയുണ്ടെന്ന് അമ്മയോടു പറഞ്ഞുനോക്കിയെങ്കിലും അതു വിലപ്പോയില്ല, നെറ്റിയിൽ കൈവച്ചു നോക്കിയിട്ട് അമ്മ പറഞ്ഞു:

“എവിടെ പനി, പച്ചവെള്ളം പോലെയുണ്ട് നെറ്റി. രാവിലെ സ്കൂളിൽ പോകാതിരിക്കാൻ ഓരോ അടവുമായി എത്തിയിരിക്കുകയാണ്.”

അമ്മ അതുപറഞ്ഞപ്പോൾ അവൻ ചിരിച്ചു.

''കള്ളച്ചിരി ഒന്നും വേണ്ട, സ്കൂൾ ബസ് ഇപ്പോൾ വരും, വേഗം പോകാനൊരുങ്ങ്.”

മനസ്സില്ലാമനസ്സോടെ, ബസിൽ കയറി.

ഇടയ്ക്ക് അവനോടു കുശലം ചോദിക്കുന്ന എട്ടാംക്ലാസ്സിലെ ചേട്ടൻ ചോദിച്ചു:

“എന്താ ഒരു ഉത്സാഹം ഇല്ലാതെ?”

“ഒന്നുമില്ല, ഒരു ചെറിയ മടി”

“നിനക്കും മടിയുടെ അസുഖം ഉണ്ടോ? എനിക്കിതു പതിവാ, കുറച്ചു വലുതായിരുന്നെങ്കിൽ വല്ല ഓട്ടോയും ഓടിക്കാൻ പോകാമായിരുന്നു”

“ദേ ഞാനിതു തമാശ പറഞ്ഞതാ, നീ ഇത് ആരോടും പറയേണ്ട കേട്ടോ.”

അന്ന് ആദ്യമായി ആ ചേട്ടന്റെ പേരു ചോദിച്ചു.

“ചേട്ടന്റെ പേരെന്താ?”

പോക്കറ്റിൽ കിടന്ന സ്കൂൾ ഐഡി കാർഡ് ചേട്ടൻ കാണിച്ചു കൊടുത്തു.

“പ്രസാദ് വേണുഗോപാൽ. നയൻ സി.”

''ചേട്ടൻ ഒൻപതാം ക്ലാസ് ആണോ, ഞാൻ കരുതി എട്ടാണെന്ന്.”

സ്കൂൾ എത്തിയപ്പോൾ വൈകുന്നേരം കാണാം എന്നു പറഞ്ഞു പ്രസാദ്, ഹൈസ്കൂൾ ബ്ലോക്കിലേക്കു നടന്നുപോയി. ആ ചേട്ടനോട് പിങ്ക്ളാങ്കിക്ക് ഒരു ഇഷ്ടം തോന്നി.

ബസ്സിൽ അങ്ങനെ ആരുമായും അവൻ സംസാരിക്കാറില്ല, മൂന്നു സ്റ്റോപ്പ് കഴിഞ്ഞു കയറുന്ന അവന്റെ ക്ലാസ്സിലെ കുട്ടികളോടല്ലാതെ. പ്രസാദ്, ഐവാന്റെ വീടിനു മുന്നേയുള്ള സ്റ്റോപ്പിൽ നിന്നാണു കയറുന്നത്. കഴിഞ്ഞ വർഷവും ആ ചേട്ടനുണ്ടായിരുന്നു ബസ്സിൽ എന്നവൻ ഓർത്തു.

അങ്ങനെ ഓണപ്പരീക്ഷ വന്നു. പതിവുതെറ്റിക്കാതെ അമ്മ പരീക്ഷ എഴുതിയിട്ടു വരുന്നതും കാത്തിരുന്നു. അതിലെ ചോദ്യങ്ങൾ ചോദിക്കൽ സ്ഥിരം ഉള്ളതാണ്. പേപ്പർ കിട്ടുമ്പോൾ അറിയാൻ പോകുന്ന കാര്യം അമ്മയ്ക്ക് ഇപ്പോഴേ അറിയണം. കണക്കുപരീക്ഷ വിചാരിച്ചപോലെ ബുദ്ധിമുട്ടുണ്ടാക്കിയില്ല, ഹിന്ദിക്ക് ഉറപ്പായിട്ടും തോൽക്കും. ഓണാവധി കഴിഞ്ഞാൽ ട്യൂഷൻ വേണ്ടിവരുമെന്ന് അമ്മ ഉറപ്പിച്ചു പറഞ്ഞു പൊന്നുച്ചേച്ചി ഓണത്തിന് രണ്ടു ദിവസത്തേക്കു വന്നു. ഉണ്ണിച്ചേട്ടനും ചേട്ടത്തിയും വന്നില്ല, ചേട്ടന് കോളജിൽ സെമസ്റ്റർ എക്സാം ആണെന്ന്.

“അവര് ഇപ്രാവശ്യം ഓണത്തിനു വരാഞ്ഞത് ഒരുവിധത്തിൽ നന്നായെന്ന് അമ്മ, പപ്പയോടു പറഞ്ഞു, കാരണം, മാലാഖമാരെ അവിടെയാണല്ലോ വച്ചിരിക്കുന്നത്.

കൂടെ ഒരു പരാതിയും.

''എന്നാണോ ഈ ഇച്ചായന്മാർ ഇതൊക്കെ എടുത്തുകൊണ്ടുപോകുന്നത്?”

അമ്മയുടെ ആ പറച്ചിൽ അത്രയ്ക്കിഷ്ടമായില്ല പിങ്ക്ളാങ്കിക്ക്. അവര് അവനെ ഇട്ടിട്ടു പോകുന്നത് ആലോചിക്കുമ്പോൾ, കണ്ണുകൾ തനിയെ നിറയും.

പിങ്ക്ളാങ്കി പൊക്കം വച്ചെന്നും, വലിയ കുട്ടിയായെന്നും പൊന്നുച്ചേച്ചി പറഞ്ഞു. വന്ന ദിവസം ചേച്ചിക്ക് പിപ്പിനെ മുറിയിൽ കയറ്റാൻ ഇഷ്ടമില്ലായിരുന്നു, പിന്നെ ചേച്ചിയാണ് പിറ്റേ ദിവസം പിപ്പിന്റെകൂടെ ഏറ്റവും കൂടുതൽ കളിച്ചത്.

നാളെ തിങ്കൾ, സ്കൂൾ തുറക്കും. മിക്കവാറും എല്ലാ പരീക്ഷപ്പേപ്പറും കിട്ടും. അമ്മയുടെ കൈയിൽനിന്നു വഴക്കുറപ്പാണ്. ഒരാഴ്ച ടി വി കാണിക്കില്ല, അത് പതിവുശിക്ഷയാണ്. പിപ്പിന്റെ കാര്യത്തിലും അമ്മ സ്ട്രിക്ടാകും.

(തുടരും)

---

ശ്രേഷ്ഠമലയാളം

# ആളുന്തിരാഗം



ഡോ. ഡേവിസ് സേവ്യർ

**ക**വിതതന്നിമിഷപ്രേരിത (Ex-tempore)മായിട്ടാണ് ഉത്ഭവിക്കുന്നതെന്ന് അരിസ്റ്റോട്ടിൽ കരുതുന്നു. ആദികാവ്യമായ രാമായണം ഉൾപ്പെടെ ആധുനികകാവ്യങ്ങളിൽനിന്നുവരെ ദൃഷ്ടാന്തങ്ങൾ കണ്ടെത്താം. നാടൻപാട്ടുകൾ മിക്കതും ദ്രുതകവനങ്ങളാണല്ലോ! തെറിപ്പാട്ടുകൾ(ഭരണിപ്പാട്ട്, പൂരപ്പാട്ട്) തൻനിമിഷപ്രചോദിതമായി നിർമ്മിക്കപ്പെട്ടതാകണം. ഈ സ്വഭാവം പ്രാചീനകാവ്യമായ കൃഷ്ണഗാഥയിൽ ഉണ്ടെന്നു കാണിക്കുന്ന ഐതിഹ്യം പ്രസിദ്ധമാണ്. ഭാഷാചരിത്രകർത്താവായ പി. ഗോവിന്ദപ്പിള്ളയാണ് ഇങ്ങനെയൊരു അഭിപ്രായം ആദ്യം രേഖപ്പെടുത്തിയത്.

പ്രസിദ്ധമായ ആ കഥ ചുരുക്കിപ്പറയാം. ഒരിക്കൽ, കോലത്തുനാട്ടുരാജാവായ ഉദയവർമ്മനും ചെറുശ്ശേരിനമ്പൂതിരിയുംകൂടി ചതുരംഗം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. രാജാവ് കളിയിൽ തോൽക്കുന്ന ഘട്ടമെത്തിയപ്പോൾ, കളിയിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന രാജ്ഞി കുട്ടിയെ താരാട്ടുപാടുന്ന മട്ടിൽ, ഉന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്താളെ/യുന്ത്’ എന്നു പാടിയത്രേ! കാര്യം മനസ്സിലാക്കിയ രാജാവ് ആളെ ഉന്തി കളിയിൽ ജയിച്ചുവെന്നാണ് ഐതിഹ്യം. രാജ്ഞിയുടെ കർമ്മകുശലതയെ ബഹുമാനിച്ച് ഭാഗവതം ആളുന്തിരാഗത്തിൽ രചിക്കാൻ രാജാവ് ചെറുശ്ശേരിയോട് ആവശ്യപ്പെട്ടുപോലും. അങ്ങനെ നിർമ്മിക്കപ്പെട്ട കാവ്യമാണ് കൃഷ്ണഗാഥ. ഭരണിപ്പാട്ടിൽ ഉപയോഗിക്കുന്ന മഞ്ജരിവൃത്തത്തിൽ പദ്യരചന അനായാസം സാധിക്കുമെന്നും അതു സാധിച്ചാൽ കൃതിക്ക് ഹൃദയംഗമത്വം കൂടുമെന്നും കഥ ഊന്നുന്നു.”*

കാവ്യരചനയെ അപേക്ഷിച്ച്, സത്വരകവനം വേണ്ടിവരുന്ന മേഖലയാണ് ചലച്ചിത്രഗാനരചനയുടേത്. ട്യൂണിട്ട ശേഷം എഴുതുന്ന ഗാനങ്ങളെ ‘നിമിഷഗാനങ്ങൾ’ എന്നു വിശേഷിപ്പിക്കാം. ഇത്തരം കവനസാമർഥ്യത്തിൽ പാരമ്പര്യത്തിന്റെ പ്രേരണാബീജങ്ങൾ ഉൾച്ചേരുന്നുണ്ട്. അതോടെ എഴുതിയതിനുശേഷം ഈണമിടുതാണോ ഈണമിട്ടതിനു ശേഷം എഴുതുന്നതാണോ ‘നല്ലത് എന്ന ചോദ്യം അപ്രസക്തമാകുന്നു. ഇക്കാര്യത്തിൽ നമ്മുടെ ചലച്ചിത്രഗാനരചയിതാക്കൾ അസൂയാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. മഞ്ജരിയുടെ ചൊൽവടിവ്:

മാവേലി/ നാടുവാ/ണീടും കാ/ലം

മാലോക/രെല്ലാരു/മൊന്നുപോ/ലേ (ഓണപ്പാട്ട്)

*ഭാസ്കരൻ, ടി. കാവ്യശാസ്ത്രം കഥകളിലൂടെ, എൻ.ബി.എസ്, കോട്ടയം, 2010, പുറം–78.

# മനുഷ്യനന്മകളുടെ പ്രപഞ്ചശില്പി

**മരണമില്ലാത്ത വാക്കുകൾകൊണ്ട്, മഹത്ത്വമേറിയ ജീവിതദർശനങ്ങൾകൊണ്ട് അണ്ഡകടാഹമാകെ അക്ഷരവെളിച്ചം നിറച്ച കഥയുടെ സുൽത്താൻ, മലയാളത്തിന്റെ പ്രിയങ്കരനായ വൈക്കം മുഹമ്മദ് ബഷീർ അന്തരിച്ചിട്ട് ജൂലൈ അഞ്ചിന് 31 വർഷം**



ജിൻസ് കാവാലി

ഇനിയും ഇല പൊഴിയാത്തൊരു ജ്ഞാനവൃക്ഷത്തിന്റെ പേരാണ് മലയാളിക്ക് വൈക്കം മുഹമ്മദ് ബഷീർ. മരണമില്ലാത്ത വാക്കുകൾകൊണ്ട്, മഹത്ത്വമേറിയ ജീവിതദർശനങ്ങൾകൊണ്ട് ഈ അണ്ഡകടാഹമാകെ അക്ഷരവെളിച്ചം നിറച്ച സൂഫിവര്യൻ. ഭാഷയ്ക്കുള്ളിൽ അമിതാലങ്കാരങ്ങൾ തിരുകി വായനക്കാരെ ഭ്രമിപ്പിച്ചില്ല ബഷീർ.

ആ വാക്കുകൾ അങ്ങേയറ്റം ലളിതസാധാരണമായിരുന്നു. പണ്ഡിതപാമരഭേദമെന്യേ അക്ഷരം വായിക്കാൻ അറിയാവുന്ന ആർക്കും മനസ്സിലാവുന്നത്. എന്നാൽ, ലളിതമായ ആ പദാവലികൾ ഉൾക്കൊണ്ടിരുന്ന ആശയങ്ങളോ ഹിമഗിരികളോളം ഉയരമുള്ളതും. അങ്ങനെയാണ് ബഷീറിയൻസാഹിത്യം മലയാളിക്കു നിത്യാദ്ഭുതമായി മാറിയത്.

'സാഹിത്യരചന ബഷീറിന് ധ്യാനം ആയിരുന്നു' എന്നെഴുതുന്നുണ്ട് കെ. പി. അപ്പൻ. ധ്യാനാത്മകമായ ആ തൂലിക അനശ്വരങ്ങളായ അനവധി കഥാപാത്രങ്ങൾക്കു ജന്മം നൽകി. ആ കഥാപാത്രങ്ങൾ നമ്മെ ചിരിപ്പിച്ചു, കരയിപ്പിച്ചു, ചിന്തിപ്പിച്ചു. 'അനന്തമായ പ്രാർഥനയാകുന്നു ജീവിതം' എന്നു പറഞ്ഞുതന്നു.

ഏതെങ്കിലും ഒരു കാലത്തിനോ, ഏതെങ്കിലും നിശ്ചിതമായൊരു വിഭാഗത്തിനോ വേണ്ടിയല്ല ബഷീർ എഴുതിയത്. അതിൽ മനുഷ്യകുലത്തിന്റെ, അല്ല ഈ പ്രപഞ്ചത്തിന്റെതന്നെ സ്പന്ദനങ്ങളുണ്ടായി. മജീദും സുഹറയും സാറാമ്മയും കേശവൻനായരും മാത്രമല്ല പാത്തുമ്മയുടെ ആടും ജയിൽവളപ്പിലെ പൂക്കളും വരെ ബഷീറിയൻലോകത്തെ തെളിച്ചമുള്ള കഥാപാത്രങ്ങളായി. സർവേശ്വരൻ സൃഷ്ടിച്ച ഈ മഹാപ്രപഞ്ചം നമ്മൾ മനുഷ്യർക്കു മാത്രമല്ല, പുഴുവിനും പുൽക്കൊടിക്കുംകൂടി അവകാശപ്പെട്ടതാണെന്നു ബഷീർ വിശ്വസിച്ചു.

ബഷീറിന്റെ ഈ പ്രപഞ്ചബോധത്തിന് ദൃഷ്ടാന്തമായ ഒരു അനുഭവകഥ എം എൻ കാരശ്ശേരി പങ്കുവയ്ക്കുന്നുണ്ട്:

"ഒരു ദിവസം ഞാൻ കയറിച്ചെല്ലുമ്പോൾ ബഷീർ ഭയങ്കര ദേഷ്യത്തിലാണ്. മുമ്പിൽ ബഷീറിന്റെ ഏകപുത്രി ഷാഹിന. എന്നെ കണ്ടിട്ടും മൂപ്പർക്കു ഭാവഭേദമൊന്നുമില്ല. ഞാൻ ഷാഹിനയോടു ചോദിച്ചു: എന്താണു കേസ്?

ഷാഹിന ചിരിച്ചുകൊണ്ടു പറഞ്ഞു, ഞാൻ ഈ റോസാച്ചെടിയിലെ പുഴുവിനെ തട്ടിക്കളഞ്ഞു. അതിനാണ് ലഹള.

എനിക്കു മനസ്സിലായില്ല. ഭ്രാന്താശുപത്രിയിലും ജയിലിലും എല്ലാം പൂങ്കാവനങ്ങൾ വച്ചുപിടിപ്പിക്കുന്ന ആളാണ് ബഷീർ. അദ്ദേഹത്തിനു പ്രിയങ്കരമായ ഒരു പദമാണ് പൂങ്കാവനം. മകൾക്കും ഈ സംഗതിയിൽ നല്ല താത്പര്യമുണ്ട്. ഷാഹിന വിശദീകരിച്ചു.

റ്റാറ്റാ പറയുകയായിരുന്ന റോസാച്ചെടി നിനക്കു കാണാൻ എന്നതുപോലെ പുഴുവിനു തിന്നാൻ ഉള്ളതുമാണ്. അതിനെ തട്ടിത്തെറിപ്പിക്കാൻ ആരു നിനക്ക് അധികാരംതന്നു?"

(സൂഫിയുടെ കാൽപ്പാടുകൾ: ബഷീറിനെ ഓർക്കുമ്പോൾ - എം എൻ കാരശ്ശേരി)

അതായിരുന്നു ബഷീർ. ചുറ്റുമുള്ള മനുഷ്യരോട്,



മിണ്ടാപ്രാണികളോട് ഈ പ്രപഞ്ചത്തോടുതന്നെയും അങ്ങേയറ്റം അലിവും ആർദ്രതയും ആ ഹൃദയം കാത്തുസൂക്ഷിച്ചു. സമൂഹത്തിന്റെ ഓരങ്ങളിൽ മുഖമില്ലാതെ കഴിഞ്ഞിരുന്ന കള്ളന്മാരും കൊള്ളക്കാരും തുടങ്ങി ലൈംഗികത്തൊഴിലാളികൾവരെ ബഷീറിയൻലോകത്തെ പ്രധാന കഥാപാത്രങ്ങളായി. അരികുവത്കരിക്കപ്പെട്ട മനുഷ്യരുടെ, അവഗണിക്കപ്പെട്ട മനുഷ്യരുടെ ആരും പറയാത്ത ജീവിതനൊമ്പരങ്ങൾ ആ കഥകളിലൂടെ ലോകം അറിഞ്ഞു.

മനുഷ്യരെ നല്ലവരെന്നും മോശക്കാരെന്നും തരംതിരിക്കാൻ ഇഷ്ടപ്പെട്ടില്ല കഥയുടെ ഈ സുൽത്താൻ. നല്ലവരെന്നു നാം കരുതുന്ന പലരുടെയും പൊയ്മുഖം ബഷീർ തുറന്നുകാട്ടി. ഏറ്റവും മോശപ്പെട്ടവരെന്നു മുദ്രകുത്തപ്പെട്ട മനുഷ്യർക്കുള്ളിലും ആർദ്രതയുള്ളൊരു ഹൃദയം അവശേഷിക്കുന്നുണ്ടെന്നു പറഞ്ഞുവച്ചു. 'പച്ചയായ ജീവിതത്തിൽ ഓരോ മനുഷ്യനും ഓരോ അനാഥജീവിയാണ്' എന്ന കയ്പേറിയ യാഥാർഥ്യം വിളിച്ചുപറയാനും അദ്ദേഹം മടികാണിച്ചില്ല.

ദാരിദ്ര്യവും അപമാനവും അടക്കം ജീവിതത്തിന്റെ സർവനോവുകളും നന്നായി അറിഞ്ഞിട്ടുണ്ട് ബഷീർ. എന്നിട്ടും അദ്ദേഹം ജീവിതത്തെ വെറുത്തില്ല. ചിരിക്കുന്ന തത്ത്വജ്ഞാനിയായിരുന്നു ബഷീർ. ജീവിതം എത്രമാത്രം സങ്കീർണമാണെങ്കിലും, എത്രയേറെ പ്രയാസങ്ങൾ നിറഞ്ഞതാണെങ്കിലും ജീവിച്ചിരിക്കുക എന്നത് ഒരു അനുഗ്രഹംതന്നെയാണെന്നതിൽ അദ്ദേഹത്തിനു സംശയമൊന്നും ഉണ്ടായിരുന്നില്ല.

തന്റെ എൺപതാം പിറന്നാളിന് എഴുതിയ ഒരു ലേഖനത്തിൽ ബഷീർ ഇങ്ങനെ പറയുന്നുണ്ട്: "ഓർക്കുമ്പോൾ അതുല്യമായ ഒരു അനുഗ്രഹമാണല്ലോ ജീവിതം. അജ്ഞതയും പകയും അഹന്തയും കൊടുംക്രൂരതയുംകൊണ്ട് ഈ ജീവിതം ഒരു ശാപമാക്കിത്തീർക്കുന്നത് എന്തിന്? എന്തിന് വിഷം വമിക്കുന്നു?"

ബഷീർ തുടരുന്നു: "പ്രപഞ്ചങ്ങളും നമ്മുടെ ഈ ഭൂഗോളവും ഒന്നും ആർക്കും അട്ടിപ്പേറായി കിട്ടിയതല്ല. ആരുടെയും കുടുംബസ്വത്തുമല്ല. ആരും ഇവിടെ ആരുമായും അവതരിച്ചതുമല്ല.

എല്ലാം വെറും ഈശ്വരസൃഷ്ടി. മാമരങ്ങളും പക്ഷിമൃഗാദികളും മനുഷ്യരും എല്ലാവരും ഭൂമിയുടെ അവകാശികൾ. ഇവിടെ ആരും ആചന്ദ്രതാരം ജീവിക്കുകയില്ല. ഇന്നു കാണുന്നവരെ നാളെ കാണുകയുമില്ല..."

ലേഖനം ബഷീർ ഇപ്രകാരമാണ് അവസാനിപ്പിക്കുന്നത്: "ദൈവംതമ്പുരാന്റെ ഭൂഗോളത്തിലെ പ്രതിനിധികളാകുന്നു സ്ത്രീകളും പുരുഷന്മാരുമടങ്ങിയ മാനുഷകുലം. സാഹോദര്യം, സ്നേഹം, ഔദാര്യം, സഹാനുഭൂതി, അലിവ്, കാരുണ്യം എന്നിവകളുടെ സൗന്ദര്യം ഈ ഭൂഗോളം നിറഞ്ഞുകവിഞ്ഞ് പ്രപഞ്ചങ്ങളിൽ എങ്ങും വ്യാപിക്കട്ടെ. ഓർക്കുക കരുണാമയനായ സർവേശ്വരന്റെ അനുഗ്രഹമാകുന്നു ജീവിതം." (ജീവിതം ഒരനുഗ്രഹം).

മനുഷ്യർ ഉള്ളിടത്തോളം കാലം, എഴുത്തും വായനയും ഉള്ളിടത്തോളം കാലം, ബഷീർ തുടരുകതന്നെ ചെയ്യും. അത്രമേൽ ലളിതമായും അത്രയേറെ ആഴത്തിലും.

■

# പാലാ സാന്തോം ഫുഡ് ഫാക്ടറി 14 ന് ഉദ്ഘാടനം ചെയ്യും

കോട്ടയം: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി സ്മാരകമായി ഫുഡ് ഫാക്ടറി യാഥാർഥ്യമാകുന്നു. രൂപത ആവിഷ്കരിച്ച കർഷക ശക്തീകരണ പദ്ധതിയായ കർഷകബാങ്കിന്റെ 10-ാം വാർഷികവേളയിൽ കാർഷിക മൂല്യവർധിതസംരംഭം എന്ന വിധത്തിലാണ് പാലാ സാന്തോം എന്ന പേരിൽ ഫുഡ് ഫാക്ടറി യാഥാർഥ്യമായിരിക്കുന്നത്. രൂപതയുടെ ഉടമസ്ഥതയിലുള്ള കരൂർ മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കാമ്പസിലെ ആറേക്കറോളം സ്ഥലത്തുള്ള അഗ്രോ ഇൻഡസ്ട്രിയൻ പാർക്കിലാണ് ഫുഡ് ഫാക്ടറി.

കൃഷിവകുപ്പിൽനിന്നു രൂപതയ്ക്ക് അനുവദിച്ച് പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ട് ചെയ്യുന്ന പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സാന്തോം ഫുഡ് ഫാക്ടറിയുടെ ഉദ്ഘാടനം 14 ന് നടക്കും.

മീനച്ചിൽ താലൂക്കിലും പരിസരത്തും സുലഭമായുള്ള ചക്കയും കപ്പയും കൈതച്ചക്കയും ഏത്തയ്ക്കയും ഇതര പഴവർഗങ്ങളും പച്ചക്കറികളും കർഷകരിൽനിന്നു ന്യായവിലയ്ക്ക് സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിലിറക്കുക എന്നതാണ് ഫുഡ് ഫാക്ടറിയിലൂടെ ലക്ഷ്യമിടുന്നത്.

വിദേശരാജ്യങ്ങളിലേക്കും വിപണിശൃംഖല വ്യാപിപ്പിച്ച് ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. കൃഷിവകുപ്പിന്റെ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യമെന്ന എസ്എഫ്എസിയിൽനിന്നും ജില്ലയിൽ അനുവദിച്ച നാല് എഫ് പി ഒ കളിൽ ഒന്നാണ് സാന്തോം എഫ് പി ഒ.

രൂപതയിലെ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്ന ഉത്പാദകസംഘടനകൾ, കമ്പനികൾ, കർഷകദള ഫെഡറേഷനുകൾ, ഫാർമേഴ്സ് ക്ലബുകൾ, സ്വാശ്രയസംഘങ്ങൾ തുടങ്ങിയവർ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങൾ തനതു ബ്രാൻഡിൽ ആഭ്യന്തര, വിദേശ വിപണനത്തിനു സാധ്യമാക്കും.

ആധുനിക സാങ്കേതികവിദ്യയോടുകൂടിയ 18 യന്ത്രസാമഗ്രികളാണ് ഫാക്ടറിയിലുള്ളത്. അത്യാധുനികവും വിശാലവുമായ കോൾഡ് സ്റ്റോറേജ്, ഡീ ഹൈഡ്രേറ്റ് യൂണിറ്റ്, പൾപ്പിംഗ്, വറ, പൊരി, പൗഡറിങ് യൂണിറ്റുകളും ഫാക്ടറിയിലുണ്ട്. കർഷകർക്ക് അവരുടെ വിളകളും ഉത്പന്നങ്ങളും ഉണങ്ങുവാനുള്ള യൂണിറ്റിനപ്പുറം ന്യായവില ഉറപ്പാക്കി മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സാധ്യതകളാണ് ഫാക്ടറി ഉറപ്പുതരുന്നത്.

14 ന് ഉച്ചകഴിഞ്ഞ് മൂന്നിന് സ്റ്റീൽ ഇന്ത്യാ കാമ്പസിൽ നടക്കുന്ന ചടങ്ങിൽ കൃഷിമന്ത്രി പി. പ്രസാദ് ഫാക്ടറി ഉദ്ഘാടനം ചെയ്യും. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. മന്ത്രിമാരും ജനപ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും. സമ്മേളനത്തിൽ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 75 മാതൃകാ കർഷകരെ ആദരിക്കും.

കൃഷിയിടങ്ങൾ പാഴായിക്കിടക്കാതെ സംഘകൃഷിസാധ്യതകൾ വളർത്തി വിഷരഹിതകൃഷിയിലൂടെ മായം കലരാത്ത ഉത്പന്നങ്ങൾ നാട്ടുകാർക്കും പ്രവാസിസമൂഹത്തിനും എത്തിക്കാനാണ് ഫുഡ് ഫാക്ടറി ലക്ഷ്യമിടുന്നതെന്ന് പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പറഞ്ഞു.

# ഇന്ത്യൻ കർഷകർ അമേരിക്കൻ അടിമത്തത്തിലേക്കോ?

1-ാം പേജ് തുടർച്ച

**ക്ഷീരമേഖലയിൽ പ്രതിസന്ധി**

ഇന്ത്യ-അമേരിക്ക വ്യാപാരക്കരാർ ഏറ്റവും പ്രതിസന്ധിയിലേക്കു തള്ളിവിടാനിരിക്കുന്നത് ഇന്ത്യയുടെ ക്ഷീരമേഖലയാണ്. നിയന്ത്രണമില്ലാത്ത ക്ഷീരോത്പന്ന ഇറക്കുമതി പാൽവിപണിയുടെ തകർച്ച ഉറപ്പാക്കും. ആർസിഇപി കരാറിൽ ഒപ്പിടാതെ 2019 നവംബറിൽ ഇന്ത്യ പിൻവാങ്ങിയത് പ്രധാനമായും ഇന്ത്യയിലെ ക്ഷീരകർഷകരെ സംരക്ഷിക്കാനാണ്. ന്യൂസിലാന്റ്, ഓസ്ട്രേലിയ സമഗ്രസാമ്പത്തിക കരാറിലും പാൽ ഉത്പന്നങ്ങളെ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത്രയും ശക്തമായ നിലപാട് സ്വീകരിച്ചവർ അമേരിക്കയുടെ പിടിവാശിക്കുമുമ്പിൽ മുട്ടുമുടക്കുന്നത് ഇന്ത്യയിലെ 70 ശതമാനത്തോളം വരുന്ന ഗ്രാമീണകർഷകരുടെ നെഞ്ചിൽ ചവിട്ടിനിന്നാണ്. ലോകത്ത് പാലുത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്താണ് അമേരിക്കയിപ്പോൾ. ചൈനയുമായി വർഷങ്ങളായി തുടരുന്ന വ്യാപാരയുദ്ധം ടൺകണക്കിന് പാൽകട്ടികൾ കെട്ടിക്കിടക്കുന്ന സാഹചര്യം സൃഷ്ടിച്ചു. ഇതിന് പുതിയ വിപണി കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ലക്ഷ്യം വയ്ക്കുന്നത് ഇന്ത്യയാണ്. കരാറുമായി മുന്നോട്ടുനീങ്ങിയാൽ പാൽപ്പൊടിയോടൊപ്പം പ്രോട്ടീൻ നീക്കംചെയ്ത മട്ടപ്പൊടിയും ഇന്ത്യൻ വിപണിയിലെത്തുന്ന നാളുകൾ വിദൂരമല്ല.

**ഭക്ഷ്യോത്പന്ന വിപണിയും തകരും**

ഗോതമ്പുകയറ്റുമതിയിൽ റഷ്യയെ പിന്തള്ളി അമേരിക്ക മുൻനിരയിലാണിന്ന്. ലോകവിപണിയുടെ 20 ശതമാനത്തോളം അമേരിക്കൻഗോതമ്പാണ്. 2016ൽ അമേരിക്കയുടെ സമ്മർദത്തെത്തുടർന്ന് ഇന്ത്യ ഗോതമ്പിന്റെ ഇറക്കുമതിച്ചുങ്കം എടുത്തുകളഞ്ഞത് സൃഷ്ടിച്ച ആഘാതാനുഭവങ്ങൾ നമുക്കുണ്ട്. പുതിയ കരാർപ്രകാരം ഇറക്കുമതിത്തീരുവ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്താൽ തകർന്നടിയുന്നത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ കർഷകരായിരിക്കും.

സോയാബിൻ എണ്ണയുടെ ഏറ്റവും വലിയ ഉത്പാദകരും കയറ്റുമതിരാജ്യവും അമേരിക്കതന്നെ. പ്രധാന ഇറക്കുമതി രാജ്യം ചൈനയായിരുന്നു. വ്യാപാരയുദ്ധത്തിന്റെ പേരിൽ ചൈനയുടെ വിപണിയിൽനിന്ന് അമേരിക്കയ്ക്കു വിട്ടുനിൽക്കേണ്ടിവന്നപ്പോൾ മറ്റൊരു വലിയ വിപണിയായ ഇന്ത്യയെ ലക്ഷ്യമിടുന്നു. ഇറക്കുമതിത്തീരുവ കുറച്ചാൽ പാമോയിലും ഒഴുകിയെത്തും. പ്രതിസന്ധിയിലാകുന്നത് തേങ്ങയുൾപ്പെടെ എണ്ണക്കുരുക്കൾ.

ഇന്ത്യ ചോളത്തിന്റെ ഇറക്കുമതിരാജ്യമാണ്. അമേരിക്ക ചോളത്തിന്റെ ഏറ്റവും വലിയ കയറ്റുമതിക്കാരും. 2020 ജൂണിൽ ഇറക്കുമതിത്തീരുവ കുറച്ചപ്പോൾ വിപണി അമേരിക്കയുടെ കൈകളിലേക്കു നീങ്ങി. ഇനി തീരുവ ഇല്ലാതാക്കിയാലോ? ഇന്ത്യയിലെ ചോളംകൃഷി അപ്രത്യക്ഷമാകും; കർഷകർ വഴിയാധാരമാകും.

**പഴങ്ങൾ-പയറുവർഗങ്ങൾ**

അമേരിക്കയിൽനിന്ന് ഇന്ത്യ ആപ്പിൾ ഇറക്കുമതി ചെയ്യുന്നു.



മുൻകാലങ്ങളിൽ ഇറക്കുമതി നിയന്ത്രിച്ചത് തീരുവ ഉയർത്തിയാണ്. പുതിയ കരാറിലൂടെ തീരുവ കുറച്ചാൽ ഈ വിപണിയും അമേരിക്കയുടെ നിയന്ത്രണത്തിലാകും. ബദാമിന്റെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ല. ഇന്ത്യ ബദാമിന്റെ ഏറ്റവും വലിയ ഉത്പാദകരാജ്യമായിരുന്നിട്ടും തീരുവ കുറച്ചതുകൊണ്ട് ഇറക്കുമതിയും ഉയർന്നുനിൽക്കുന്നു. ഇതിന്റെ ആഘാതം അനുഭവിക്കുന്നത് പ്രധാനമായും ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ചെറുകിട കർഷകരാണ്.

പയറുവർഗങ്ങളുടെ അമേരിക്കൻ ഇറക്കുമതിക്ക് അല്പമെങ്കിലും കടിഞ്ഞാണിടാൻ ഇടയായത് 2018 ൽ ഇറക്കുമതിത്തീരുവ കൂട്ടിയതാണ്. കടലയ്ക്ക് 70 ശതമാനവും മറ്റു പയറുവർഗങ്ങൾക്ക് 50 ശതമാനവുമായി ഉയർത്തി. അനന്തരഫലമോ? ആഭ്യന്തര ഉത്പാദനം കൂടുകയും കയറ്റുമതി കുതിക്കുകയും ചെയ്തു. പുത്തൻ കരാറിലൂടെ തീരുവ കുറച്ചാൽ ഇറക്കുമതി കസറും. ഇന്ത്യയിലെ കർഷകരെ പ്രതിസന്ധിയിലാക്കും.

പരുത്തിക്കർഷകർക്ക് വൻ സബ്സിഡിയാണ് അമേരിക്ക നൽകുന്നത്. ലോകവ്യാപാര സംഘടനയുടെ മാർഗനിർദേശങ്ങളെപ്പോലും ഇക്കാര്യത്തിൽ അമേരിക്ക അട്ടിമറിച്ചു. പരുത്തിയുത്പാദനത്തിൽ ഇന്ത്യയ്ക്ക് ഒന്നാം സ്ഥാനമെങ്കിലും കയറ്റുമതിയിൽ അമേരിക്കയാണ് മുന്നിൽ. റബറിനെ വ്യവസായ അസംസ്കൃതവസ്തുവായും പരുത്തിയെ കാർഷികോത്പന്നമായുമുള്ള നിലപാട് ലോകവ്യാപാരസംഘടനയിൽ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ 1994ൽ എടുത്തതു മറക്കാറായിട്ടില്ല. പരുത്തിയുടെ നികുതിരഹിത ഇറക്കുമതി ഇക്കുറി അമേരിക്കയുടെ മുഖ്യപരിഗണനയാണ്.

**കോഴി, കരിമ്പ്, റബർ**

കോഴിയിറച്ചി ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നായി അമേരിക്ക മാറുമെന്നുറപ്പായിട്ടുണ്ട്. 100 ശതമാനത്തിൽനിന്ന് തീരുവ 26 ശതമാനത്തിലെത്തി പൂജ്യമാക്കാനുള്ള നീക്കത്തിലൂടെ കോഴിവ്യാപാരം കസറും. കോഴിയുടെ തുടയിറച്ചി അമേരിക്കക്കാർക്കു താത്പര്യമില്ല. അതാണ് ഇന്ത്യയിലേക്കു കയറ്റുമതി ചെയ്യുന്നത്. കോഴിമുട്ടയുടെ ഇറക്കുമതിയുമുണ്ടാകും.

ഇന്ത്യയുടെ പഞ്ചസാര ഇറക്കുമതിത്തീരുവ 100 ശതമാനമാണ് നിലവിലെങ്കിലും ഇറക്കുമതി തുടരുന്നു. അസംസ്കൃത പഞ്ചസാര ഇറക്കുമതി ചെയ്ത് ഇന്ത്യ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നു. 26 ശതമാനത്തിലേക്കും തുടർന്ന് നികുതിരഹിതവുമായി പഞ്ചസാര ഇറക്കുമതി മാറുമ്പോൾ കേന്ദ്ര സർക്കാരിനെ വോട്ടുനൽകി അധികാരത്തിലേറ്റി സംരക്ഷിക്കുന്ന സംസ്ഥാനങ്ങളിലെ കർഷകർ പെരുവഴിയിലാകും.

സിന്തറ്റിക് റബർ ഏറ്റവും അധികം കയറ്റുമതി ചെയ്യുന്ന രാജ്യമാണ് അമേരിക്ക. ഇറക്കുമതി ഏറ്റവും കൂടുതൽ ഇന്ത്യയിലേക്കും. സിന്തറ്റിക് റബറിന്റെ നികുതിരഹിത ഇറക്കുമതി ഇന്ത്യൻ റബർ വ്യവസായികളുടെ നിരന്തരമായ ആവശ്യമാണ്. സിന്തറ്റിക് റബറിന്റെ ഇറക്കുമതിത്തീരുവ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്താൽ ആഘാതമേൽക്കുന്നത് റബർ കർഷകർക്കായിരിക്കും. പ്രതിസന്ധിയിലായിരിക്കുന്ന കേരളത്തിലെ റബർ കർഷകർ ഈ ഇറക്കുമതികൂടി അനുഭവിച്ചാൽ എല്ലാം നഷ്ടപ്പെട്ട് ചരിത്രത്തിലിടംനേടും.

വിത്തുകളുടെ നിയന്ത്രണവും കരാറുകളുടെ ഭാഗമായി അമേരിക്കയിലെ ആഗോള കുത്തകകളിലേക്കു മാറും. ഉരുളക്കിഴങ്ങു കൃഷിയുടെ പേരിൽ രാജ്യാന്തര കോർപ്പറേറ്റുകൾ ഇന്ത്യൻ കർഷകരെ കോടതി കയറ്റിയ വേദനാജനകമായ അനുഭവം നമ്മുടെ മുന്നിലുണ്ട്. രാജ്യാന്തരഅജണ്ടകൾ ലക്ഷ്യം വെച്ച് വൻകിട കോർപ്പറേറ്റുകളുടെ കടന്നുവരവിനായി കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ശ്രമിച്ച കർഷകവിരുദ്ധകരാറുകളുടെ പിന്നാമ്പുറം എന്തായിരുന്നുവെന്ന് ഇന്ത്യ - അമേരിക്ക വ്യാപാരക്കരാറിന്റെ ഉള്ളറകളിലേക്കു പോയാൽ കൂടുതൽ ലഭ്യമാകും. പുത്തൻവ്യാപാരക്കരാറിന്റെ നിലവിലെ വിശദാംശങ്ങൾ കൃത്യമായി പുറത്തുവിടാതെ സർക്കാർ രഹസ്യമാക്കിവയ്ക്കുന്നതിലും ദുരൂഹതകളേറെ. കേന്ദ്രസർക്കാർ ഇതിനോടകം ഏർപ്പെട്ടിരിക്കുന്ന എല്ലാ വ്യാപാരക്കരാറുകളുടെയും ഇരകളായിരിക്കുന്നത് കർഷകരാണ്. വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി കാർഷികമേഖലയെ വാണിജ്യമന്ത്രാലയം ആഗോളശക്തികൾക്കു തുറന്നുകൊടുക്കുന്ന സമീപനം ഇന്ത്യ - അമേരിക്ക കരാറിലും ആവർത്തിക്കുന്നതു കർഷകസമൂഹത്തെ തീറെഴുതുന്നതിന് തുല്യമാണ്.

**യാഥാർത്ഥ്യങ്ങൾ തമസ്ക്കരിക്കരുത്**

അമേരിക്കയിലെ വാണിജ്യകർഷകരോടു വിപണിയിൽ മത്സരിക്കുവാൻ ഇന്ത്യയിലെ ചെറുകിടകർഷകനാകില്ലെന്നുള്ള വസ്തുത നാം അംഗീകരിക്കണം. അമേരിക്കയിൽ കൃഷി വൻകിട കുത്തകകളുടെ സ്വന്തമെങ്കിൽ ഇന്ത്യയിൽ ഗ്രാമീണകർഷകരുടെ ജീവൽപ്രശ്നവും നിലനില്പിന്റെ അടിസ്ഥാനവുമാണ്.

നിയന്ത്രണങ്ങളും നിരോധനങ്ങളുംമൂലം കാർഷികമേഖലയിൽ സർക്കാരിന്റെ കൈകടത്തലുകൾ തുടരുമ്പോൾ കൃഷി ലാഭകരമാക്കാൻപോലും ഇന്ത്യയിലെ കർഷകർക്കിന്നാകുന്നില്ല. ഭൂപ്രശ്നങ്ങൾ, വന്യജീവിയാക്രമണങ്ങൾ, വനനിയമങ്ങൾ, ഉത്പന്നങ്ങളുടെ വിലയിടിവ് തുടങ്ങി ആരും സംരക്ഷിക്കാനില്ലാത്ത ദയനീയചിത്രമാണ് ഇന്ത്യയിലെ കർഷകരുടേത്. അതേസമയം ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വ്യാപാരരംഗത്തെ ആഗോളമത്സരങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കാനും നമുക്കാവില്ലെന്നുള്ളതു വസ്തുതയാണ്.

സ്വതന്ത്രവ്യാപാരക്കരാറുകളിലെ വലിയ അപകടങ്ങൾ കൂടി കാണാതിരിക്കരുത്. ഒരു സമഗ്ര വ്യാപാരക്കരാർ വെറും താരിഫ് ഉദാരവത്കരണം മാത്രമല്ല. സേവനങ്ങൾ, നിക്ഷേപം, ബൗദ്ധികസ്വത്തവകാശം, ഉദ്ഭവനിയമങ്ങൾ, ഡിജിറ്റൽ വ്യാപാരം, തൊഴിൽ, പരിസ്ഥിതിമാനദണ്ഡങ്ങൾ തുടങ്ങി ഏറെ സങ്കീർണമായ വിവിധ പ്രശ്നങ്ങളും നേരിടേണ്ടിവരുന്നു. ഒരു സമഗ്ര കരാറിന്റെ പശ്ചാത്തലത്തിൽ അമേരിക്കയുമായി മേല്പറഞ്ഞ ഘടകങ്ങളെല്ലാമുള്ള ഒരു സ്വതന്ത്രവ്യാപാരക്കരാർ ഒപ്പുവച്ചാൽ 1947 നു മുമ്പുള്ള ബ്രിട്ടീഷ് ഭരണകാലഘട്ടത്തിന്റെ അവസ്ഥയിലേക്കു നാം തിരിച്ചുപോകുമെന്നുറപ്പാണ്. അതിനാൽ അമേരിക്കയുമായി ഒരു ചെറിയ ഇടപാട് കരാർ മാത്രമായിരിക്കും അഭിലഷണീയം. വ്യാപാരക്കരാറിന്റെ മറവിലെ ആഭ്യന്തരവിപണി മാത്രമല്ല അമേരിക്കയുടെ ലക്ഷ്യം. സർക്കാർസംഭരണം, ബൗദ്ധികസ്വത്തവകാശം തുടങ്ങി മേൽ സൂചിപ്പിച്ച എല്ലാ മേഖലകളിലും അമേരിക്കൻ കൈകടത്തൽ ഭാവിയിൽ ഉറപ്പാണ്.

ഉഭയകക്ഷി വ്യാപാരഉടമ്പടിയുടെ ഫലമായി സർക്കാർ സംഭരണത്തിൽ പങ്കാളിയായി ചുവടുകൾവച്ച് ഇന്ത്യയിൽ മികച്ച വിപണിപ്രവേശനം ഉറപ്പാക്കാൻ അമേരിക്കയ്ക്കു സാധിക്കും. ഇന്ത്യൻ സർക്കാരിന്റെ ടെൻഡറുകളിൽ അമേരിക്കൻസ്ഥാപനങ്ങൾക്കും പങ്കുചേരാൻ സാധിക്കുന്ന വൻ ചതിക്കുഴി അണിയറയിലൊരുങ്ങുന്നത് തിരിച്ചറിഞ്ഞു പ്രതികരിക്കാൻ രാഷ്ട്രീയനേതൃത്വങ്ങളും ജനപ്രതിനിധികളും കർഷകരുൾപ്പെടെ പൊതുസമൂഹവും ഇനിയും മടിക്കുന്നതെന്ത്? ■

Deepanalam Weekly

RNI No : 16998/68
Vol. 58 No. 19 Date of Publication 10 July 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org